No. 1 Christian Fortnightly in Malayalam

# ഹാലേലൂയ്യാ

390
Pages 12

1-15 FEBRUARY, 2013 • ക്രൈസ്തവ ദ്വൈവാരിക

Vol. - 18 Issue -391

Published From Kottayam Reg. No. KL/KTM/209/2012-14 News Paper RN.No. 68759/96

Price Rs. 10/-

# പാസ്റ്റർ ജേക്കബ് ജോൺ കൊടുങ്കാറ്റായി ഐ.പി.സി.ക്ക് പുതുയുഗം



പഞ്ചാബിൽ നിന്ന് ചെറുകാറ്റായി വന്ന് കുമ്പനാട്ട് കൊടുങ്കാറ്റ് സൃഷ്ടിച്ച പാസ്റ്റർ ജേക്കബ് ജോൺ ഐ.പി.സിയുടെ 89 വർഷത്തെ ചരിത്രം തിരുത്തിക്കുറിച്ചു. പാസ്റ്റർ കെ.ഇ.ഏബ്രഹാം കുടുംബത്തിൽ നിന്ന് ഐ.പി.സിയുടെ അധികാരം ഒരു സാധാരണ പാസ്റ്റർക്ക് കൈമാറുവാൻ നിയോഗം ലഭിച്ചത് മൂന്നാം തലമുറക്കാരനായ റവ.വത്സൻ ഏബ്രഹാമിനാണ്.



റവ.ഡോ.കെ.സി.ജോൺ
*ജനറൽ സെക്രട്ടറി*



റവ.ഡോ.ബേബി വർഗീസ്
*വൈസ് പ്രസിഡന്റ്*



റവ.സാം ജോർജ്
*ജോ. സെക്രട്ടറി*



ഡോ. ജോൺ ജോസഫ്
*ട്രഷറാർ*

കുമ്പനാട് കൺവൻഷനെത്തുടർന്ന് ജനുവരി 22-ന് സഭാ ആസ്ഥാനത്തു നടന്ന തിരഞ്ഞെടുപ്പിൽ 2998 പേർ വോട്ടു രേഖപ്പെടുത്തി. ജോ.സെക്രട്ടറിയൊഴിച്ച് എല്ലാ സ്ഥാനങ്ങളിലേക്കും ഈരണ്ടു പേരാണ് മത്സരിച്ചത്. പ്രസിഡന്റ് സ്ഥാനത്തേക്ക് റവ. ഡോ.വത്സൻ ഏബ്രഹാം പാസ്റ്റർ ജേക്കബ് ജോൺ മത്സരമാണ് എല്ലാവരും ഉറ്റുനോക്കിയത്. 193 വോട്ടെന്ന വ്യക്തമായ ഭൂരിപക്ഷത്തോടെയാണ് പാസ്റ്റർ ജേക്കബ് ജോൺ ഐ.പി.സിയുടെ ഒൻപതാമത്തെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്. തിരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തുന്ന ആദ്യപ്രസിഡന്റും ഇദ്ദേഹമാണ്.

ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് റവ.ഡോ.കെ.സി.ജോൺ 1220 വോട്ടിന്റെ ഭൂരിപക്ഷത്തിൽ പാസ്റ്റർ ഏബ്രഹാം ജോർജ്ജിനെ പരാജയപ്പെടുത്തിയപ്പോൾ വൈസ് പ്രസിഡന്റായി റവ.ഡോ.ബേബി വർഗീസ് 923 വോട്ടിന്റെ ഭൂരിപക്ഷത്തിൽ പാസ്റ്റർ വർഗീസ് മത്തായിയേയും, ട്രഷറാർ സ്ഥാനത്തേക്ക് ഡോ.ജോൺ ജോസഫ് 1277വോട്ടിന് പി.എം.ഫിലിപ്പിനേയും പരാജയപ്പെടുത്തി. ഇലക്ഷൻ കമ്മീഷണറായി ജി.ഐസക് ഇലക്ഷൻ ഓഫീസർമാരായി പാസ്റ്റർ തോമസ് നൈനാൻ എന്നിവരും പ്രവർത്തിച്ചു.

കഴിഞ്ഞ നാൽപ്പതിലധികം വർഷമായി പഞ്ചാബിൽ താമസിച്ച് ഐ.പി.സി.പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ഐ.പി.സി. പഞ്ചാബ് റീജിയൻ രൂപീകരണത്തിൽ മുഖ്യ പങ്കു വഹിക്കയും ചെയ്ത ആളാണ് പാസ്റ്റർ ജേക്കബ് ജോൺ. ഇപ്പോൾ ഹിമാചൽ സ്റ്റേറ്റ് പ്രസിഡന്റായിരിക്കുന്നു. വർഷങ്ങളായി ജനറൽ കൗൺസിൽ അംഗമാണെങ്കിലും ആദ്യമായാണ് ഒരു ഔദ്യോഗിക സ്ഥാനത്തേക്ക് എത്തുന്നത്. ശക്തനായ പ്രാർത്ഥനാ വീരനും കൃപാവര ശുശ്രൂഷകനമാണ് പാസ്റ്റർ ജേക്കബ് ജോൺ.

കഴിഞ്ഞ രണ്ടുടേം ജനറൽ പ്രസിഡന്റായിരുന്ന റവ.കെ.സി.ജോൺ ജനറൽ സെക്രട്ടറിയെന്ന നിലയിൽ അടുത്ത മൂന്നുവർഷം സഭയെ നയിക്കും. പ്രഭാഷകൻ, ഗ്രന്ഥകാരൻ, ഭരണകർത്താവ് എന്നീ നിലകളിൽ മികവ് തെളിയിച്ച ഇദ്ദേഹം പവ്വർവിഷൻ ടി.വി.ചാനലിന്റെ ചെയർമാനെന്ന നിലയിൽ ഇതര ക്രൈസ്തവ നേതാക്കൾക്കിടയിലും അംഗീകാരമുള്ള നേതാവാണ്.

റവ.ഡോ.ബേബി വർഗീസ് കഴിഞ്ഞ ടേമിൽ വൈസ് പ്രസിഡന്റായിരുന്നു. മാവേലിക്കര സ്വദേശിയായ ഇദ്ദേഹം വടക്കേ ഇന്ത്യയിലും പിന്നീട് അമേരിക്കയിലും ഐ.പി.സി. പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്.

ജോയിന്റ് സെക്രട്ടറിയായി എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ട റവ.സാം ജോർജ്ജ് നിലവിൽ ഐ.പി.സി.കർണ്ണാടക റീജിയൻ പ്രസിഡന്റാണ്. പത്തനാപുരം സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ഇ.സി. ജോർജ്ജിന്റെ മകനാണ്.

ജനറൽ ട്രഷറാർ പദവിയിലെത്തിയ ഡോ.ജോൺ ജോസഫ് ദേശീയ ന്യൂനപക്ഷ കമ്മീഷൻ അംഗമായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. പരേതനായ പാസ്റ്റർ വി.ടി.ജോസഫിന്റെ മകനാണ്.

## ഐ.പി.സി പ്രസിഡന്റുമാർ ഇതുവരെ

1. പാസ്റ്റർ പി.എം സാമുവൽ
2. പാസ്റ്റർ കെ.ഇ ഏബ്രഹാം
3. പാസ്റ്റർ ടി.ജി ഉമ്മൻ
4. പാസ്റ്റർ പരംജ്യോതി
5. പാസ്റ്റർ കെ.എം ജോസഫ്
6. പാസ്റ്റർ ടി.എസ് ഏബ്രഹാം
7. റവ.ഡോ.കെ.സി ജോൺ
8. പാസ്റ്റർ ജേക്കബ് ജോൺ

# കുമ്പനാട്ട് 40 ദിവസ ഉപവാസ പ്രാർത്ഥന

കുമ്പനാട്: ഐ.പി.സി ആസ്ഥാനമായ ഹെബ്രോൻപുരത്ത് ഏപ്രിൽ 16 മുതൽ 40 ദിവസ ഉപവാസ പ്രാർത്ഥന നടത്തും. ഐ.പി.സി ജനറൽ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ജേക്കബ് ജോൺ പ്രഖ്യാപിച്ചു. സഭയുടെ ആത്മീയ ഉണർവ്വാണ് ഈ പ്രാർത്ഥനയുടെ മുഖ്യ ലക്ഷ്യം ഒപ്പം എല്ലാ പെന്തെക്കോസ്തു സഭകൾക്കും ഒന്നിച്ച് സഹകരിക്കാവുന്ന വേദിയായിരിക്കും ഈ പ്രാർത്ഥനയെന്നും അദ്ദേഹം ഹാലേലൂയ്യായോടു പറഞ്ഞു.

*? വിജയം പ്രതീക്ഷിച്ചുകൊണ്ടാണോ തിരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചത്?*

തിരഞ്ഞെടുപ്പ് ആകുമ്പോൾ വിജയമോ പരാജയമോ ഉണ്ടാകാം. എന്നാൽ ഞാൻ ദൈവാലോചനയെ അന്ധമായി വിശ്വസിച്ചു. എനിക്ക് വ്യക്തിപരമായി ലഭിച്ച ദൈവാലോചനയും നിരവധി ദൈവദാസന്മാരിലൂടെ എനിക്ക് ലഭിച്ച പ്രവചന ദൂതുകളും ദൈവം എന്നെ ഉന്നതമായ സ്ഥാനത്തേക്ക് ആക്കിവെയ്ക്കുവാൻ പോകുന്നു എന്നതായിരുന്നു. എന്നെ സ്നേഹിക്കുന്ന പലരും തോറ്റുപോകുമെന്ന് പറഞ്ഞപ്പോഴും വിജയിക്കുമെന്ന് ഉറപ്പിച്ച് പറയുവാൻ എന്നെ പ്രേരിപ്പിച്ച ഘടകം ഈ ദൈവീക ആലോചനയായിരുന്നു.

*? പാസ്റ്റർ വത്സൻ ഏബ്രഹാമിനെതിരെ താങ്കൾ ഉന്നയിച്ച ആരോപണങ്ങൾ അതിരുകടന്നു പോയെന്ന് തോന്നുന്നുണ്ടോ?*

അങ്ങനെയല്ല. ഒരാൾ വലിയൊരു പ്രസ്ഥാനത്തിന്റെ നേതൃത്വസ്ഥാനത്തിരിക്കുമ്പോൾ വിമർശനങ്ങൾ ഉണ്ടാകാം. ഇപ്പോൾ ഞാൻ ജനറൽ പ്രസിഡന്റായി. മുൻപുണ്ടായിരുന്നതിനേക്കാൾ വലിയ തോതിൽ ജനം എന്നെ വിമർശിക്കും. വത്സൻ ഏബ്രഹാമിനെതിരെ സഭയുമായി ബന്ധപ്പെട്ട വിമർശനമാണ് ഞാൻ നടത്തിയത്. മറ്റു പല കാര്യങ്ങൾ പറയാമായിരുന്നെങ്കിലും ഞാൻ വേണ്ടെന്നു വെയ്ക്കുകയായിരുന്നു.

*? പ്രസിഡന്റ് ആയ താങ്കളുടെ പ്രവർത്തന പദ്ധതി എന്താണ്?*

സഭയുടെ ആത്മീയ ഉണർവ്വാണ് എന്റെ പ്രഥമ ലക്ഷ്യം. അതിനു വേണ്ടി ഏപ്രിൽ 16 മുതൽ 40 ദിവസം കുമ്പനാട്ട് കൊട്ടിൽ ഇട്ട് ഉപവാസ പ്രാർത്ഥന നടത്തും. അതൊരു വലിയ ആത്മീയ മുന്നേറ്റത്തിന്റെ തുടക്കമാകുമെന്നാണ് എന്റെ ചിന്ത. അതിനെ തുടർന്ന് ഇന്ത്യയിലെ എല്ലാ സ്റ്റേറ്റുകളിലും ഞാൻ യാത്ര ചെയ്ത് ഐ.പി.സി പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താനും പ്രവർത്തകരെ പ്രോത്സാഹിപ്പിക്കാനും താൽപ്പര്യപ്പെടുന്നു. അതേ സമയം തന്നെ കുമ്പനാട് ഹെബ്രോൻപുരത്തിന്റെ നവീകരണം, ഓഫീസ് കോംപ്ലക്സ്, ഓഡിറ്റോറിയം എന്നിവയുടെ പണികൾ കൗൺസിലിന്റെ ആലോചന പ്രകാരം എങ്ങനെ വേണമെന്ന് തീരുമാനിച്ച് ഉടൻ പണികൾ ആരംഭിക്കും.

# ചർച്ച് ഓഫ് ഗോഡിൽ ഇനി 'റവ.' ഇല്ല




തിരുവല്ല: ഇനി മുതൽ ചർച്ച് ഓഫ് ഗോഡിൽ റവറന്റുമാരില്ല എന്ന് സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ പി.ജെ ജയിംസ് കൺവൻഷനിൽ പ്രസ്താവിച്ചു. റവറന്റ് എന്ന് സംബോധന ചെയ്യുന്നത് വചന വിരുദ്ധമാണ്. എന്നെ ആരെങ്കിലും റവറന്റെന്ന് വിളിക്കുന്നത് എനിക്കിഷ്ടമല്ല. ആ വിളി കേൾക്കുമ്പോൾ ഞാൻ ഒരു പുഴു ആകുന്നതുപോലെയാണ് എനിക്ക് തോന്നുന്നത് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഈ നിർദ്ദേശം എതിർക്കേണ്ടവർക്ക് എതിർക്കാം, അംഗീകരിക്കേണ്ടവർക്ക് അംഗീകരിക്കാം. പാസ്റ്റർ എന്ന് സംബോധന ചെയ്യുന്നതാണ് നല്ലത്.

എല്ലാ വീട്ടിലും ഒരു പ്രയർ ബുക്ക് സൂക്ഷിക്കണമെന്നും, പ്രാർത്ഥനാ വിഷയങ്ങൾ ആ ബുക്കിൽ രേഖപ്പെടുത്തി പ്രാർത്ഥിക്കണമെന്നും അദ്ദേഹം പറഞ്ഞു. ഓരോ ലോക്കൽ സഭയിലും ബൈബിൾ റീഡിംഗ് ബുക്ക് സൂക്ഷിക്കണമെന്നും ഓരോരുത്തരും ഓരോ ആഴ്ചയിലും വായിക്കുന്ന വേദഭാഗങ്ങൾ ആ ബുക്കിൽ രേഖപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.

ഓരോ ലോക്കൽ സഭയും ഒരു മാസത്തെ വരുമാനം കേന്ദ്രത്തിൽ അടക്കണമെന്നും വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ ഒരു മാസത്തെ വരുമാനത്തിന്റെ ദശാംശവും സ്റ്റേറ്റ് ഓഫീസിൽ നൽകണമെന്നും പറഞ്ഞ പാസ്റ്റർ പി.ജെ ജയിംസിന്റെ നിർദ്ദേശങ്ങൾ ചർച്ച് ഓഫ് ഗോഡിൽ എന്ത് ചലനങ്ങളാണ് ഭാവിയിൽ ഉണ്ടാക്കുന്നതെന്ന് കാത്തിരുന്ന് കാണേണ്ടിയിരിക്കുന്നു.

# 17-ാമത് സോൾ വിന്നേഴ്സ് ഇന്ത്യ ജനറൽ കൺവൻഷനും ബിരുദദാനവും



റവ. കെ.ജി. ഈശോ



ഡോ. റേ. പൊഫാം



റവ. കോഡിനാഥ്



റവ. ഡോ. ജോൺ കെ. മാത്യു



ഡോ. ജയിംസ് കളയ്ക്കാട്

മദ്ധ്യപ്രദേശ് (ബഡ്വാഹ): സോൾ വിന്നേഴ്സ് ഇന്ത്യാ ജനറൽ കൺവൻഷൻ ഫെബ്രു.22-24 വരെ ഗ്രെയ്സ് ഹയർ സെക്കൻഡറി സ്കൂൾ ക്യാമ്പസിൽ നടക്കും. 22 രാവിലെ 9ന് സഭാ പ്രസിഡന്റ് റവ.കെ.ജി ഈശോ ഉദ്ഘാടനം ചെയ്യും.

മിഷണറി സമ്മേളനം, വനിതാ സമ്മേളനം, യുവജന സമ്മേളനം, സണ്ടേസ്കൂൾ വാർഷികം, പാസ്റ്റേഴ്സ് ഓർഡിനേഷൻ, ബൈബിൾ കോളജ് ഗ്രാജുവേഷൻ എന്നിവ ഈ ദിവസങ്ങളിൽ നടക്കും. ദിവസവും പൊതുയോഗങ്ങളിൽ റവ.ഡോ.റേ പൊഫാം, റവ.പോൾ വെവർ, റവ.ഡോ. ജോൺ കെ മാത്യു, റവ.കോഡിനാഥ്, ഡോ.ജയിംസ് കളയ്ക്കാട്ട് തുടങ്ങിയവർ പ്രസംഗിക്കും. സോൾ വിന്നേഴ്സ് ഇന്ത്യ ക്വയർ ഗാനങ്ങൾ ആലപിക്കും. 23ന് രാവിലെ 9ന് നടക്കുന്ന ബഥേൽ ബൈബിൾ കോളേജുകളുടെ സംയുക്ത ഗ്രാജുവേഷൻ സർവീസിന് പ്രിൻസിപ്പാൾ റവ.പാസ്റ്റർ അനിയൻകുഞ്ഞ് കെ.കെ, രജിസ്ട്രാർ റവ.എൻ.ജെ ജേക്കബ് എന്നിവർ നേതൃത്വം നൽകും.

സന്തോഷ് ഈശോ, പാസ്റ്റർ എൻക്രിസ്തുദാസ്, പാസ്റ്റർ റോബിൻ വി. വർഗീസ്, റവ.ഷൈൻ ശമുവേൽ, റവ.പാസ്റ്റർ നിതിൻ കുമാർ മസി, വാജ്പെയ്, ഫ്രാങ്ക്ളിൻ, ഔച്ചത്ത്, സാം തോമസ് എന്നിവർ വിവിധ യോഗങ്ങൾക്ക് നേതൃത്വം നൽകും. ഇന്ത്യ

*ശേഷം പേജ് 2*

# റോക്കറ്റ്–ടെക്നോളജിയും ബൈബിളിന്റെ കൃത്യതയും!

ഉപമയും ഉൾക്കാഴ്ചയും
കെ. എസ്. ഏബ്രഹാം – കടുത്തുരുത്തി



അമേരിക്കൻ റോക്കറ്റ് ഗവേഷകനായിരുന്ന ഹാൻസ് ഗ്രൂവൻ അമ്പതുകളിലെ ഒരു അനുഭവം പങ്കുവെച്ചിട്ടുള്ളത് ശ്രദ്ധേയമാണ്. ഹാൻസ് ആ കാലത്ത് റെഡ്–സ്റ്റോൺ റോക്കറ്റിന്റെ പദ്ധതിയിലായിരുന്നു. അമേരിക്ക ഉപയോഗിച്ച ആദ്യത്തെ ബാലസ്റ്റിക് മിസൈൽ ആയിരുന്നുറെഡ്–സ്റ്റോൺ. അമ്പത്തഞ്ചു മൈൽ ദൂരപരിധിയുള്ള ഈ റോക്കറ്റിലാണ് അമേരിക്കൻ ആർമി ആദ്യമായി നൂക്ലിയർ പോർ–മുന ഘടിപ്പിച്ചത്. രണ്ടാം ലോകമഹായുദ്ധം കഴിഞ്ഞ് അമേരിക്കയിൽ ചേക്കേറിയ ചില ജർമ്മൻ എഞ്ചിനിയേഴ്സായിരുന്നു ഇതിന്റെ പിന്നിലെ ബുദ്ധികേന്ദ്രം. വെർണർ ബ്രൗൺ റെഡ്–സ്റ്റോൺ റോക്കറ്റ് പദ്ധതിയുടെ ചുമതലക്കാരനും.

സസൂഷ്മമായ നിരീക്ഷണങ്ങൾ നടത്തിയശേഷം 1953 ആഗസ്റ്റ് 20–ന് കേപ്–കാർണിവലിൽ നിന്നും ആദ്യത്തെ റോക്കറ്റ് പരീക്ഷണം നടത്തി. പക്ഷേ, കുതിച്ചുയർന്നിട്ട് ഏകദേശം ഒന്നരമിനിറ്റാകും മുമ്പേ എഞ്ചിൻ തകരാറുനിമിത്തം ആ റോക്കറ്റ് കടലിൽ പതിച്ചു. തുടർന്നു നടത്തിയ അന്വേഷണമധ്യേ ഒരു എഞ്ചിനീയർ, എഞ്ചിൻ ഫിറ്റുചെയ്തപ്പോൾ തനിക്കു അറിയാതെ സംഭവിച്ച ഒരു തെറ്റ് മനസ്സിലാക്കുകയും അത് വെർണറെ ബോധിപ്പിക്കുകയും ചെയ്തു. റോക്കറ്റ് പദ്ധതിയെ പ്രതികൂലമായി ബാധിച്ച ആ തെറ്റിനു കാരണക്കാരൻ തന്റെമേൽ വരുവാനിരിക്കുന്ന നടപടിയെപ്പറ്റി ഭയന്നിരിക്കുമ്പോൾ അദ്ദേഹത്തിനു വിശ്വസിക്കാനാവാത്തവിധം വെർണർ ഒരു അവാർഡാണ് ആ എഞ്ചിനീയർക്കു നൽകിയത്. അവാർഡ് ദാനം ചെയ്ത ചടങ്ങിൽ വെർണർ പ്രസ്താവിച്ചു: എന്തുചെയ്താൽ റോക്കറ്റ് ലക്ഷ്യം കാണില്ലെന്ന പാഠം പഠിപ്പിച്ചതിനാണ് ഈ അവാർഡ്! എന്തായാലും, റെഡ്–സ്റ്റോൺ 2 ന്റെ പരീക്ഷണം 1954 ജനുവരി 27–ന് നടത്തിയത് വിജയമായി. 1955 മുതൽ അമേരിക്കൻ ആർമിയിൽ ആ റോക്കറ്റ് ഉപയോഗിച്ചു തുടങ്ങി.

ബഹിരാകാശ റോക്കറ്റുകളുടെ കൃത്യതയെപ്പറ്റി വെർണർ ബ്രൗൺ നടത്തിയ ഒരു പ്രസ്താവന ആരെയും അതിശയിപ്പിക്കുന്നതാണ്. നാസയുടെ അപ്പോളോ, സ്കൈ–ലാബ് പദ്ധതികളുടെ ഹൃദയമായിരുന്ന സാറ്റേൺ 5 റോക്കറ്റിന് അമ്പത്താറുലക്ഷം ഘടകങ്ങളുണ്ടായിരുന്നു. 99.9 ശതമാനം കൃത്യത ഉറപ്പാക്കിയാലും ആ റോക്കറ്റിൽ 5,600 അപൂർണ്ണ ഭാഗങ്ങൾ അവശേഷിക്കുമെന്നു ചുരുക്കം! ഒരു സാധാരണ കാറിൽ 13,000 ഘടകങ്ങൾ മാത്രമാണ് ഉള്ളതെന്ന് ഓർക്കുക!!

ഹാൻസ് ഗ്രൂവനോട് ഒരിക്കൽ ഒരാൾ അഭിപ്രായപ്പെട്ടു: ദൈവവചനമായ ബൈബിളിൽ തെറ്റില്ലെന്നു പറയാനാവില്ല. കാരണം, മനുഷ്യൻ ചെയ്യുന്നതൊന്നും ഒരിക്കലും പൂർണ്ണമാകില്ല. ബൈബിളിന്റെ എഴുത്തുകാർ മനുഷ്യരാകയാൽ അതിൽ തെറ്റുപറ്റുവാനുള്ള സാധ്യതയുണ്ട്. ഹാൻസ് അദ്ദേഹത്തോടു ചോദിച്ചു: യേശുക്രിസ്തു സമ്പൂർണ്ണ മനുഷ്യനായിരുന്നെന്നു താങ്കൾ വിശ്വസിക്കുന്നുണ്ടോ? തീർച്ചയായും! അതിന് ഒരു സംശയവുമില്ല! എന്നായിരുന്നു അയാളുടെ മറുപടി. അപ്പോൾ ഹാൻസ് ചോദിച്ചു: യേശു എങ്ങനെയാണ് ഈ ഭൂമിയിൽ പിറന്നത്? മറിയ എന്ന കന്യകയിലൂടെ എന്ന മറുപടി ഉടനുണ്ടായി. ഹാൻസ് ചോദിച്ചു: സുഹൃത്തേ, അമ്പത്താറുലക്ഷം ഘടകങ്ങളുള്ള റോക്കറ്റിനെ യാതൊരു പിഴവും കൂടാതെ ലക്ഷ്യത്തിലെത്തിക്കുവാൻ അല്പ്പ–ജ്ഞാനിയായ മനുഷ്യനു കഴിയുമെങ്കിൽ സർവ്വ–ജ്ഞാനിയായ ദൈവത്തിന് മുപ്പതിനായിരത്തി നാനൂറ്റി–നാൽപ്പത്തിരണ്ടു വാക്യങ്ങൾ മാത്രമുള്ള ബൈബിൾ നാൽപ്പതുപേരിലൂടെ ഒരുപിഴവും കൂടാതെ ലഭ്യമാക്കുവാനാവില്ലേ? താങ്കൾ അല്പംപോലും അവിശ്വസിക്കേണ്ട:യഹോവയുടെ വചനങ്ങൾ നിർമ്മലവചനങ്ങൾ ആകുന്നു; നിലത്ത് ഉലയിൽ ഉരുക്കി ഏഴുപ്രാവശ്യം ശുദ്ധിചെയ്ത വെള്ളിപോലെ തന്നേ. (സങ്കീർത്തനം 12:6)

ആധുനിക കാലത്തുണ്ടായ എൻസൈക്ലോപീഡിയ ഓഫ് ബ്രിട്ടാനിക്കയുടെ ഒന്നാം പതിപ്പിൽപോലും ധാരാളം പിഴവുകളുണ്ടായിരുന്നു. വിശേഷാൽ അമേരിക്കയെപ്പറ്റിയുള്ള പല വിലപ്പെട്ടവിവരങ്ങളും തെറ്റായിരുന്നു. പക്ഷേ, പുരാതനകാലത്ത് എഴുതപ്പെട്ട ബൈബിളിലെ സത്യങ്ങളിൽ, അത് ചരിത്രപരമോ, ശാസ്ത്രപരമോ, വ്യക്തിപരമോ എന്തുമാകട്ടെ, ഒന്നുപോലും തെറ്റെന്നു ഇതുവരെ തെളിയിക്കപ്പെട്ടിട്ടില്ല, ഇനിയും തെളിയിക്കപ്പെടുകയുമില്ല.

ദൈവവചനത്തെപ്പറ്റി വചനം നൽകുന്ന പ്രബോധനം നമുക്കും കണ്ണടച്ചു വിശ്വസിക്കാം:

യഹോവയുടെ ന്യായപ്രമാണം തികവുള്ളത്; അതു പ്രാണനെ തണുപ്പിക്കുന്നു. യഹോവയുടെ സാക്ഷ്യം വിശ്വാസ്യമാകുന്നു; അത് അല്പബുദ്ധിയെ ജ്ഞാനിയാക്കുന്നു. യഹോവയുടെ ആജ്ഞകൾ നേരുള്ളവ; അവ ഹൃദയത്തെ സന്തോഷിപ്പിക്കുന്നു; യഹോവയുടെ കല്പന നിർമ്മലമായത്; അത് കണ്ണുകളെ പ്രകാശിപ്പിക്കുന്നു. യഹോവാഭക്തി നിർമ്മലമായത്; അത് എന്നേക്കും നിലനില്ക്കുന്നു; യഹോവയുടെ വിധികൾ സത്യമായവ; അവ ഒട്ടൊഴിയാതെ നീതിയുള്ളവയാകുന്നു. അവ പൊന്നിലും വളരെ തങ്കത്തിലും ആഗ്രഹിക്കത്തക്കവ; തേനിലും തേങ്കട്ടയിലും മധുരമുള്ളവ. അടിയനും അവയാൽ പ്രബോധനം ലഭിക്കുന്നു; അവയെ പ്രമാണിക്കുന്നതിനാൽ വളരെ പ്രതിഫലം ഉണ്ട്.(സങ്കീർത്തനം 19:7–11)

ഒടുക്കുറിപ്പ്: വിശ്രുത യവന കവിയായിരുന്ന ഹോമറിന്റെ കൃതികളിലെ തെറ്റുകളെപ്പറ്റി ലാറ്റിൻ കവി, ഹൊറേസ്, കളിയാക്കിയിട്ടുള്ളത്: ഹോമർ ഉറക്കം തൂങ്ങിയപ്പോൾ എഴുതിയതാണെന്നാണ്! ഇല്ല, ബൈബിൾ ദൈവത്തിന്റെ വചനമാണ്: ദൈവം ഉറങ്ങുകയോ ഉറക്കം തൂങ്ങുകയോ ചെയ്യുന്നില്ല!

## ഹാലേലൂയ്യ ദ്വൈവാരിക വരിസംഖ്യാ നിരക്കുകൾ

| | | |
|---|---|---|
| ഇന്ത്യയിൽ | 1 വർഷത്തേക്ക് | 150 രൂപ |
| ഇന്ത്യയിൽ | ആയുഷ്കാലം | 3000 രൂപ |
| **വിദേശത്തേക്ക്** | | |
| യു. എസ്.എ. | 1 വർഷം | 50 ഡോളർ |
| ഗൾഫ് | 1 വർഷം | 2000 രൂപ |
| യു. കെ. | 1 വർഷം | 40 പൗണ്ട് |

The Editor, HALLELUJAH, Post Box No. 1
Tiruvalla - 689 101. Ph: 0469-3290355, 0469-2630571
Email: hallelujahnews@gmail.com

## ഹാലേലൂയ്യാ പരസ്യനിരക്കുകൾ

| Size | Multicolor | Black & White |
|---|---|---|
| 2 Page | 30,000/- | 20,000/- |
| 1 Page | 20,000/- | 10,000/- |
| ½ Page | 10,000/- | 5,000/- |
| ¼ Page | 5,000/- | 2,500/- |
| 10cm x 3 column | 3,000/- | 1,800/- |
| 10cm x 2 column | 2,000/- | 1,200/- |
| 5cm x 2column | 1,000/- | 750/- |
| Minimum 5cm x1column | -- | 500/- |

Matrimonial Rs. 500. For 3 Issues: Rs.1000

## തിമഥി ചിൽഡ്രൻസ് ഫെസ്റ്റ് ഡയറക്ടേഴ്സ് ട്രെയിനിംഗുകൾ

തിരുവല്ല: തിമഥി ചിൽഡ്രന്റ് ഫെസ്റ്റിന്റെ ഏറ്റവും പുതിയ സിലബസ് "പാഡി കാ പാഠം" ത്തിന്റെ ഡയറക്ടേഴ്സ് ട്രെയിനിംഗുകൾ കേരളത്തിലെ എല്ലാ ജില്ലകളിലും നടക്കുന്നു.

ദൈവവചനത്തിന് പ്രമുഖ്യം നൽകി, കേരളത്തനിമയിൽ കൊയ്ത്തു പാട്ടിന്റെ താളമേളത്തോടെ എത്തുന്ന ചിൽഡ്രന്റ് ഫെസ്റ്റ് ഇത്തവണ കെട്ടിലും മട്ടിലും തികച്ചും വ്യത്യസ്തമാണ്. ഫെബ്രുവരി 15നു മുമ്പ് ചിൽഡ്രന്റ് ഫെസ്റ്റ് ബുക്ക് ചെയ്യുന്ന സഭകൾക്ക് 30% പ്രീ പബ്ളിക്കേഷൻ ഡിസ്കൗണ്ട് ലഭ്യമാണ്.

ട്രെയിനിങ് നടക്കുന്ന സ്ഥലങ്ങൾ: മാർച്ച് 2 നെടുമങ്ങാട്, മാർച്ച് 9 സി.എസ്സ്&എസ്സ്.എസ്സ് കോപ്ലക്സ് വെള്ളറട, മാർച്ച് 15,16 ജെ.എം.എം. സ്റ്റഡി സെന്റർ, മണ്ണന്തല മാർച്ച് 22,23. ഗ്ലോബൽ പാഷൻ സെന്റർ സി.എസ്സ്.ഐ ചർച്ച് ജംഗ്ഷൻ, അമരവിള, മാർച്ച് 2 ടൗൺ ശാരോൻ ചർച്ച്, പുനലൂർ, മാർച്ച് 9 കേരള തിയോളജിക്കൽ സെമിനാരി, കൊട്ടാരക്കര, മാർച്ച് 16 കൊല്ലം, മാർച്ച് 23 ശാരോൻ ഓഡിറ്റോറിയം, തിരുവല്ല, മാർച്ച് 16 ടൗൺ ശാരോൻ, അടൂർ, ഫെബ്രു. 23 ന്യൂ ഇന്ത്യാ ചർച്ച്, പള്ളിഭാഗം റാന്നി, ഫെബ്രു. 16 മാവേലിക്കര മാർച്ച് 2 ശാരോൻ ചർച്ച്, വാഴൂർ, ഫെബ്രു.16 എ.ജി.സെന്ററൽ ചർച്ച്, നാഗമ്പടം, കോട്ടയം, ഫെബ്രു. 23 ടൗൺ ശാരോൻ, കട്ടപ്പന, മാർച്ച് 9 ടൗൺ ശാരോൻ, അടിമാലി, മാർച്ച് 15,16 ബഥേൽ ശാരോൻ ചർച്ച് ന്യൂ കളവത്ത് റോഡ്, പാലാരിവട്ടം, മാർച്ച് 23 ടൗൺ ശാരോൻ ചർച്ച്, പെരുമ്പാവൂർ, ഫെബ്രു. 23 ടൗൺ ചർച്ച് ഓഫ് ഗോഡ്, തൃശൂർ, മാർച്ച് 19 എ.ജി ചർച്ച്, മണ്ണാർക്കാട്, പാലക്കാട്, മാർച്ച് 2 ന്യൂ ഹോപ്പ് ബൈബിൾ കോളജ് പാലുണ്ട, നിലമ്പൂർ, മാർച്ച് 12 താമരശ്ശേരി, കോഴിക്കോട്, മാർച്ച് 13 ബഥേൽ ഗോസ്പൽ അസംബ്ലി, സുൽത്താൻ ബത്തേരി, ഫെബ്രു. 18 എ. ജി. ചർച്ച്, ശ്രീകണ്ഠാപുരം, ഫെബ്രു . 19 ന്യൂ ഇന്ത്യാ ചർച്ച്, പയ്യന്നൂർ, ഫെബ്രു. 20 മൗണ്ട് പാരാൻ ബൈബിൾ സെമിനാരി, പരിയാരം, ഫെബ്രു. 21 ഐ.പി.സി. ചർച്ച്, വെള്ളരിക്കുണ്ട്, കാസർഗോഡ്, 9656217909

## ഒരു മണിക്കൂർ മാന്ത്രിക കൈകളുമായി എബിൻ ഗിന്നസ്സിലേക്ക്



എബിൻ തൊട്ടാൽ എന്തും സംഗീതമയമാണ്! തൂണിലും തുരുമ്പിലും എബിൻ ഒന്നു തൊട്ടാൽ കേൾക്കുന്നത് ശുദ്ധസംഗീതം! കൈപിടിച്ച് നടക്കാൻ തുടങ്ങുന്നതിന് മുമ്പ് ഈ കുഞ്ഞികൈകളിൽ വഴങ്ങിയതു ചെണ്ടയും കോലും ഒക്കെയാണ്. കുഞ്ഞിക്കൊട്ടു കണ്ട് ഭ്രമം കയറിയ ഒരു കലാകാരൻ തന്റെ വിലപിടിപ്പുള്ള റിഥം പാഡ് സമ്മാനമായി കൊടുത്തപ്പോൾ എബിന് വയസ് 3 മാത്രം. എബിന്റെ ഹൃദയമിടിപ്പ് വിരൽതുമ്പിൽ വിരിഞ്ഞപ്പോൾ അറിഞ്ഞവർക്കെല്ലാം മഹാത്ഭുതം. അങ്ങനെ മൂന്നര വയസിൽ അരങ്ങേറ്റം കുറിച്ച എബിനു വഴങ്ങാത്ത സംഗീത ഉപകരണങ്ങൾ വിരളം.

കീ ബോർഡിൽ എബിൻ വായിച്ച ആദ്യ ഗാനം "വാഴ്ത്തിടുന്നു ഞാൻ സർവ്വ നായകാ" എന്ന വിശ്വപ്രസിദ്ധമായ ഗാനമാണ്. 6 വയസ്സു കഴിഞ്ഞപ്പോൾ ഏഷ്യാനെറ്റിലെ "സുപ്രഭാതം" പരിപാടിയിൽ ക്ഷണം ലഭിച്ചു. പിന്നീട് സംഗീതം നെഞ്ചോടടുക്കിപ്പിടിച്ചുള്ള തന്റെ യാത്രയിൽ കൂട്ടായി ലഭിച്ചത് ഒരു കുന്നോളം കൂട്ടുകാരെ. ഈ കൂട്ടുകാരെ എല്ലാം കോർത്തിണക്കി "Nothing is Imposible" എന്ന തലക്കെട്ടിൽ ലോക റിക്കോർഡ് സ്വന്തമാക്കാനുള്ള തയ്യാറെടുപ്പിലാണ് ഈ ഇരുപതുവയസുകാരൻ. ഫെബ്രു.2, തന്റെ ഇരുപതാം പിറന്നാൾ ദിനത്തിന് ഇരട്ടി മധുരമാണ്, അന്ന് എബിൻ നമുക്ക് സമ്മാനിക്കുന്നത് രണ്ടു പതിറ്റാണ്ടിന്റെ കഥ പറയുന്ന യുദ്ധസംഗീതത്തിന് ലഭിക്കാൻ പോകുന്ന "മുദ്രപത്രം".

ഷാർജ വർഷിപ്പ് സെന്ററിൽ ആയിരങ്ങളെ സാക്ഷി നിർത്തി ഇരുപതോളം വരുന്ന വ്യത്യസ്ത സംഗീത ഉപകരണങ്ങൾ ഒരു മണിക്കൂറിൽ വായിച്ചു തീർക്കുക എന്നതാവും ലോകറിക്കാർഡിനു വേണ്ടിയുള്ള തന്റെ ലക്ഷ്യം. എന്തായാലും കൗതുകം ഉണർത്തുന്ന ഈ കാഴ്ച കാണാൻ കാത്തിരിക്കുകയാണ് ലോകം ഒട്ടാകെ. **സ്റ്റാൻലി ജോൺ**

## സോൾ വിന്നേഴ്സ് ഇന്ത്യ ജനറൽ കൺവൻഷൻ

*1–ാം പേജ് തുടർച്ച*

യുടെ 25 സംസ്ഥാനങ്ങളിൽ നിന്നും നേപ്പാൾ, ഭൂട്ടാൻ തുടങ്ങിയ അയൽരാജ്യങ്ങളിൽ നിന്നും കൂടാതെ വിദേശരാജ്യങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ പങ്കെടുക്കും. 24ന് റവ.പാസ്റ്റർ ജോൺസൺ ഏബ്രഹാമിന്റെ നേതൃത്വത്തിൽ നടക്കുന്ന സംയുക്ത ആരാധനയോടും, തിരുവത്താഴ ശുശ്രൂഷയോടും കൂടി യോഗങ്ങൾ സമാപിക്കും.

ഐ.പി.സി പ്രയർ ടവർ ചങ്ങനാശ്ശേരി
(പോലീസ് ക്വാർട്ടേഴ്സിന് പിൻവശം)
പ്രെയ്സ് & വർഷിപ്പ്, ആഴത്തിലുള്ള വചനധ്യാനം,
പ്രാർത്ഥന, വിടുതൽ
ഉപവാസ പ്രാർത്ഥന: എല്ലാ വെള്ളിയാഴ്ചയും 10.30 മുതൽ 1മണി വരെ
എല്ലാ ഞായറാഴ്ചയും ആരാധന: 9.30-12.30 വരെ
പാസ്റ്റർ റോയി പൂവക്കാല
ഐ.പി.സി പ്രയർ ടവർ, ചങ്ങനാശ്ശേരി
Ph: 9447401039 0469-2692939



## PRAYER CELL

പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാവിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

Prayercell, Ponkunnam P.O., Kerala, Pin 686 506
Ph : 04828-223287
E-mail : prayercell@rediffmail.com

AMEN ONLINE THEOLOGICAL SEMINARY
ഇൻഡ്യയിലെ ആദ്യത്തെ ഓൺലൈൻ സെമിനാരി
C.Th, G.Th, B.Th, M.Div, M.Th എന്നീ കോഴ്സുകൾ ലഭ്യമാണ്
മലയാളത്തിലും ഇംഗ്ലീഷിലും പഠിക്കുവാൻ അവസരം
Accredited by: IACEA, USA & Faith Theological Seminary, Manakkala
Visit us: www.amenseminary.com
Phone: +914734-224616, Mob: 8086680468
AMEN NEWS
ഇംഗ്ലീഷിലും, മലയാളത്തിലും നിങ്ങളിൽ എത്തുന്ന ക്രൈസ്തവലോകത്തെ ഏക ഓൺലൈൻ പത്രം
Visit us: www.amennewsreport.com

**യാത്രക്കിടയിൽ**

സാംകുട്ടി ചാക്കോ
നിലമ്പൂർ

# കൊടുങ്കാറ്റു വന്ന വഴി



കുമ്പനാട്ടെ തിരഞ്ഞെടുപ്പും വത്സൻ ഏബ്രഹാമിന്റെ പരാജയവുമായിരുന്നല്ലോ പോയ വാരത്തിലെ മുഖ്യ ചർച്ചാ വിഷയം. അതുമായി ബന്ധപ്പെട്ടുതന്നെ യാത്രക്കിടയിലും കുറിയ്ക്കട്ടെ.

പാസ്റ്റർ ജേക്കബ് ജോണിനെ പിൻതുണച്ച് പരസ്യനിലപാടെടുത്ത ഏക പത്രം ഹാലേലൂയ്യായാണ്. അദ്ദേഹം ജയിക്കും എന്ന പ്രതീക്ഷ കൊണ്ടല്ല ഞാൻ അത്തരമൊരു നിലപാടെടുത്തത്. അദ്ദേഹത്തെ ഒരു പ്രതീകമായാണ് ഞാൻ കണ്ടത്. പതിറ്റാണ്ടുകളായി പൈതൃകസ്വത്തായി കൈവശം വച്ചിരിക്കുന്ന അധികാരം നൽകിയ ധാർഷ്ട്യത്തോടുള്ള പ്രതിഷേധത്തിന്റെ പ്രതീകം.

അധികാരം ആസ്വദിച്ച് കഴിക്കുന്ന വീഞ്ഞു പോലെയാണ്. ആദ്യമാദ്യം വീഞ്ഞ് തലച്ചോറിന് നൽകുന്ന ഊർജ്ജം വീഞ്ഞുകുടിക്കുന്നവന്റെ ഭാവനയെ പ്രോജ്വലിപ്പിക്കും. പരിസര യാഥാർത്ഥ്യങ്ങൾക്കപ്പുറമുള്ള കഴിവും ശക്തിയും മിടുക്കും ധൈര്യവും തനിക്കുണ്ടെന്നും തനിക്കെന്തും ചെയ്യാൻ സാധിക്കുമെന്നുമുള്ള ആത്മവിശ്വാസത്തിലേക്കാണ് ആ ഘട്ടത്തിൽ അയാൾ എത്തിച്ചേരുന്നത്. വീഞ്ഞു തലയ്ക്ക് പിടിച്ച് മത്തനായവന്റെ നിലവാരത്തിലേക്ക് മാറിക്കഴിയുമ്പോൾ പിന്നെ അയാൾ എന്തു ചെയ്യുന്നുവെന്ന് ബോധമില്ലാതാകും. അധികാരത്തിന്റെ ഈ ഭാവപകർച്ചകൾ നമ്മുടെ പല നേതാക്കളിലും സൂക്ഷിച്ചു നോക്കിയാൽ കാണാം.

പാസ്റ്റർ ജേക്കബ് ജോൺ പ്രസിഡന്റ് സ്ഥാനത്തേക്ക് സ്ഥാനാർത്ഥിയാകുവാൻ തീരുമാനിച്ചതറിഞ്ഞപ്പോൾ ഞാൻ അദ്ദേഹത്തെ നിരുത്സാഹപ്പെടുത്തി. "പാസ്റ്റർ ഉപവാസവും പ്രാർത്ഥനയുമായി നടന്നാപ്പോരേ, കുമ്പനാട്ടെ കളികൾ പാസ്റ്റർക്കും അറിയാമല്ലോ..." എന്നൊക്കെ പറഞ്ഞുനോക്കി.

അന്നെന്റെ ഓഫീസിൽ നിന്ന് ഇറങ്ങിപ്പോയ അദ്ദേഹം രണ്ടു ദിവസം കഴിഞ്ഞ് വീണ്ടും വിളിച്ചു. "എന്റെ നോമിനേഷൻ പേപ്പറിൽ എന്നെ പിന്താങ്ങിക്കൊണ്ട് ഒപ്പിടുവാൻ ആർക്കും ധൈര്യമില്ല. എന്റെ സഹോദരങ്ങൾ പോലും ഒപ്പിട്ടു തരുന്നില്ല. സാംകുട്ടിക്ക് ഒപ്പിടാമോ?"

"അച്ചായൻ മാറാതെ ഉറച്ചുനില്ക്കുമെങ്കിൽ ഞാൻ ഒപ്പിട്ടു തരാം. എനിക്ക് അക്കാര്യത്തിൽ ധൈര്യക്കുറവൊന്നുമില്ല" ഞാൻ പറഞ്ഞു.

അങ്ങനെ ജേക്കബ് ജോണിന്റെ നോമിനേഷൻ പേപ്പറിൽ ഞാൻ ഒപ്പിട്ടു. അപ്പോഴും അദ്ദേഹം പിൻമാറുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്.

ആദ്യഘട്ടത്തിൽ ജേക്കബ് ജോണിന്റെ സ്ഥാനാർത്ഥിത്വം എല്ലാവർക്കും ഒരു തമാശയായിരുന്നു. അദ്ദേഹം പുറത്തിറക്കിയ പ്രസ്താവന വായിച്ചതോടെ സംഗതി സീരിയസ്സാണെന്ന് ജനം പറഞ്ഞുതുടങ്ങി. ആ പ്രസ്താവനയിലെ ചോദ്യങ്ങൾക്ക് പത്രങ്ങളിലൂടെ മറുപടി പറയുവാൻ പാസ്റ്റർ വത്സൻ ഏബ്രഹാം തയ്യാറായെങ്കിലും ജനമത് പൂർണ്ണമായി ഉൾക്കൊണ്ടില്ല. രണ്ടാംഘട്ടമായി കുമ്പനാട്ട് ഹാലേലൂയ്യാ പുറത്തിറക്കിയ സപ്ലിമെന്റിൽ ജേക്കബ് ജോണുമായി ഞാൻ നടത്തിയ അഭിമുഖം പ്രസിദ്ധീകരിച്ചു. അതിനൊരു തലക്കെട്ട് നൽകാനായി ഞാൻ കുറേനേരം ആലോചിച്ചു. ഒന്നും കിട്ടുന്നില്ല.

ഒടുവിൽ വേദപുസ്തകമെടുത്ത് വെറുതെ മറിച്ചുനോക്കി. (ഞാൻ എഴുതാനിരിക്കുമ്പോൾ ചിലപ്പോഴൊക്കെ എഴുത്ത് തുടരാനാവാതെ വിഷമിക്കുന്ന സന്ദർഭങ്ങളുണ്ട്. അപ്പോഴൊക്കെ ഞാൻ വേദപുസ്തകം തുറന്ന് വെറുതെ മറിച്ച് വാക്യങ്ങൾ വായിക്കും. അപ്പോൾ എന്റെ മനസ് ശാന്തമാകുകയും പുതിയൊരു ഊർജ്ജത്തോടെ എഴുത്ത് പുനരാരംഭിക്കുവാനും സാധിക്കും) ഇത്തവണ ഞാൻ വേദപുസ്തകം മറിച്ചപ്പോൾ കണ്ണുടക്കിയത് 107-ാം സങ്കീർത്തനത്തിലാണ്. 25-ാം വാക്യം "അവൻ കല്പിച്ചു കൊടുങ്കാറ്റ് അടിപ്പിച്ചു......."

ഈ വാക്യം വായിച്ചതോടെ ഞാൻ വേദപുസ്തകം അടച്ചു. "ഐ.പി.സി.യിൽ കൊടുങ്കാറ്റാകുവാൻ പാസ്റ്റർ ജേക്കബ് ജോൺ" എന്ന് ടൈറ്റിൽ ഇട്ടു. ശനി, ഞായർ ദിവസങ്ങളിൽ കുമ്പനാട്ട് വിതരണം ചെയ്ത ആ സപ്ലിമെന്റ് വായിച്ച ജനങ്ങൾ ജേക്കബ് ജോൺ എന്ന പാസ്റ്ററെ നേരിട്ട് അറിയില്ലെങ്കിലും വോട്ടു ചെയ്യുവാൻ തീരുമാനിച്ചു. ഹെബ്രോൻ ബംഗ്ലാവിന്റെ വിശ്വസ്തനായ ദൈവദാസൻ പാസ്റ്റർ എം.വി.വർഗീസിന്റെ പുത്രനും സ്റ്റേറ്റ് കൗൺസിൽ അംഗവുമായ എം.വി.ഫിലിപ്പ് (സണ്ണി) ജേക്കബ് ജോണിന്റെ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചു. ഇങ്ങനെ വിരലിലെണ്ണാവുന്ന ചിലർ മാത്രം പരസ്യമായി രംഗത്തിറങ്ങി.

ഇതിനിടെ വെള്ളിയാഴ്ച രാത്രിയിൽ പ്രതാപ് സിംഗിന്റെ പ്രസംഗം സദസിനെയാകെ ഇളക്കി മറിച്ചു. തികച്ചു പ്രവാചക ശബ്ദമായിരുന്നു അത്. സ്റ്റേജിലേക്ക് തിരിഞ്ഞു നിന്ന് ഐ.പി.സിയിലെ കുടുംബ ബിസിനസുകൾ നിർത്തണമെന്നും ഐ.പി.സി.ഉണർവ്വിന്റെ പുതിയ ഘട്ടത്തിലേക്ക് പറന്നുയരുവാൻ പോകയാണെന്നും അദ്ദേഹം പ്രവചിച്ചു പറഞ്ഞു. റവ.വത്സന്റെ പ്രത്യേക താല്പര്യത്തിൽ എത്തിയ പ്രതാപ്സിംഗിന്റെ ശുശ്രൂഷ ശരിക്കും അദ്ദേഹത്തിനെതിരായ ജനവികാരത്തെ ആളിക്കത്തിച്ചു.

ഇത്രയും ആയപ്പോഴേക്ക് ബംഗ്ലാവ് ഉണർന്നു. കൺവൻഷന്റെ അവസാന ദിവസങ്ങൾ ശക്തമായ രാഷ്ട്രീയ കരുനീക്കങ്ങളുടേതായി മാറി. ജേക്കബ് ജോണിന് രഹസ്യപിന്തുണ പ്രഖ്യാപിച്ച് മാറി നിന്നിരുന്ന പലരും ഒരു ഫോൺകോളിലും കൈമടക്കിലും കുമ്പനാട് കൺവൻഷനിലെ 10 മിനിറ്റ് സമയം എന്ന പ്രലോഭനത്തിലും മറുകണ്ടം ചാടി. ആ തന്ത്രപൂർവ്വമായ നീക്കങ്ങൾ ബംഗ്ലാവിന് അനുകൂലമായി കാറ്റ് മാറി അടിക്കും എന്ന പ്രതീതി സൃഷ്ടിച്ചു. തിരഞ്ഞെടുപ്പു ദിവസം റവ.വത്സൻ ഏബ്രഹാം ഹെബ്രോൻ ഗ്രൗണ്ടിന്റെ മുമ്പിലെ മാവിൻചുവട്ടിൽ ഇറങ്ങി നിന്ന് വോട്ടു ചോദിച്ചു. അത്രയുമായപ്പോഴേക്ക് ജേക്കബ് ജോൺ ഉയർത്തിയ കൊടുങ്കാറ്റ് ചായക്കോപ്പയിലെ കൊടുങ്കാറ്റായി കെട്ടടങ്ങുമെന്ന് എനിക്ക് തോന്നി.

വത്സൻ ഏബ്രഹാം തോൽക്കണമെന്ന ആഗ്രഹത്തോടെയോ പ്രതീക്ഷയോടെയോ അല്ല ഞാൻ ജേക്കബ് ജോണിനെ പിൻതുണച്ചത്. ഐ.പി.സി.പോലൊരു പ്രസ്ഥാനത്തിൽ തനിക്കും എതിർപ്പുണ്ടെന്ന് വത്സൻ ഏബ്രഹാം മനസ്സിലാക്കണം. അതിനനുസരിച്ച് പാസ്റ്റർ കെ. കോശിയേപ്പോലുള്ള സ്തുതിപാഠകരെ മാത്രം മുഖവിലക്കെടുക്കാതെ കാര്യങ്ങൾ മനസ്സിലാക്കി സഭയെ സ്നേഹിക്കുകയും, സഭയ്ക്ക് വേണ്ടി താൻ നിലകൊള്ളുന്നു എന്ന് ജനത്തെ ബോധ്യപ്പെടുത്തും വിധം പ്രവർത്തിക്കുകയും വേണം. ഈ തിരഞ്ഞെടുപ്പുകൊണ്ട് അത്തരമൊരു മാറ്റം ഉണ്ടാകണമെന്നാണ് ഞാൻ ആഗ്രഹിച്ചത്.

ഇലക്ഷൻ കഴിഞ്ഞപ്പോഴും എനിക്ക് ജേക്കബ് ജോൺ വിജയിക്കുമെന്ന പ്രതീക്ഷയില്ലായിരുന്നു. കാരണം മൂന്നു ദിവസം കൊണ്ട് ബംഗ്ലാവിന് വേണ്ടി നടത്തിയ രക്ഷാപ്രവർത്തനങ്ങൾ ഫലം കണ്ടെന്നാണ് ഞാൻ ചിന്തിച്ചത്.

വോട്ടെണ്ണൽ ദിവസം രാവിലെ ഞാൻ ജേക്കബ് ജോണിനോട് തുറന്നു പറഞ്ഞു "അച്ചായാ ഒരു 200 വോട്ടിന് തോറ്റുപോയേക്കും; വിഷമം തോന്നരുത്."

അദ്ദേഹം എന്നെ ധൈര്യപ്പെടുത്തി. "എന്റെ സാംകുട്ടീ ഞാൻ ജയിക്കും. ദൈവാലോചന അങ്ങനെയാണ്. എനിക്കുറപ്പുണ്ട്."

അദ്ദേഹത്തിനൊഴിച്ച് മറ്റാർക്കും വിശ്വാസമില്ലായിരുന്നു. പല ദൈവദാസന്മാരിലൂടെ തനിക്ക് ലഭിച്ച ദൈവാലോചന ആ പ്രാർത്ഥനാ മനുഷ്യൻ വിശ്വാസത്തോടെ ഏറ്റെടുത്തു..

ഒടുവിൽ കൗണ്ടിംഗ് ഹാളിൽ അദ്ദേഹം ഒരു കസേരയിലിരുന്ന് പതിയെ ആടിക്കൊണ്ട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു, ആദ്യറൗണ്ടിൽ 7 വോട്ടിന്റെ ലീഡ്, രണ്ടാം റൗണ്ടിൽ ഒരു വോട്ട്. പിന്നെ പതിയെപ്പതിയെ മുന്നോട്ട്. ഒടുവിൽ കൊടുങ്കാറ്റ് വടവൃക്ഷത്തെ കടപുഴക്കി. അത്ഭുതം കൊണ്ട് മലയാളി പെന്തെക്കോസ്ത് സമൂഹം കണ്ണു തുടച്ചു.

ഒരു പ്രാർത്ഥനാ മനുഷ്യൻ നേതൃത്വത്തിലേക്ക് വന്നിരിക്കുന്നു. സ്വീകരണങ്ങളും അനുമോദനങ്ങളും അധികാരത്തെ വീഞ്ഞാക്കി മാറ്റില്ലെന്ന് പ്രത്യാശിക്കാം.

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മറ്റുചിലതു കൂടെ പറയാനുണ്ട്. അടുത്ത ലക്കത്തിൽ

---

പുതിയ പരമ്പര ആരംഭിക്കുന്നു...

**സൃഷ്ടിയോ പരിണാമമോ?**

# ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു



ജോസഫ് ഇടക്കാട്ടിൽ

ദൈവമക്കൾ ആത്മീയ ജീവിതത്തിലേക്ക് പ്രവേശിച്ചാൽ ആദ്യം കണ്ണുതുറന്ന് വായിക്കുന്ന വാക്യമാണിത്. ഈയൊരു വാക്യത്തെ അടിസ്ഥാനമാക്കി എത്രയോ രചനകൾ ഉണ്ടായിട്ടുണ്ട്. എത്രയെത്ര സിദ്ധാന്തങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. എങ്കിലും ഈ ഒറ്റ പ്രയോഗത്തിലൂടെ ദൈവാത്മാവ് ഉദ്ദേശിച്ചത് എന്താണെന്ന് ഇന്നും ഒരു മർമ്മമായി അവശേഷിക്കുന്നു.

ദൈവം ആറു ദിവസം കൊണ്ട് ഭൂമിയും ചന്ദ്രനും ഭൂമിയിലുള്ള ജന്തു സസ്യജാലകങ്ങളെല്ലാം സൃഷ്ടിച്ചു എന്ന് ഒരുകൂട്ടർ കരുതുന്നു. മറ്റൊരു കൂട്ടരുടെ വിശ്വാസം ദൈവം ആകാശത്തെയും ആകാശഗോളങ്ങളെയും (ഭൂമിയുൾപ്പെടെ) സൃഷ്ടിച്ചതിനു ശേഷം അനേകായിരം വർഷങ്ങൾക്ക് ശേഷമാണ് മനുഷ്യരെ സൃഷ്ടിച്ചെന്നാണ്. വേറൊരുകൂട്ടം വിശ്വസിക്കുന്നത് ഉല്പത്തി പുസ്തകം ആദ്യ അധ്യായത്തിൽ കാണുന്നു ദിവസങ്ങൾ ഇരുപത്തിനാല് മണിക്കൂറിന്റെ ദിവസങ്ങളല്ല പ്രത്യേക ആയിരക്കണക്കിന് വർഷങ്ങളെയാണ് ഉദ്ദേശിക്കുന്നതെന്നാണ് അതിന് വേദപുസ്തകത്തിൽ നിന്ന് തന്നെ ചില തെളിവുകളും ഇവരൊക്കെ കണ്ടെത്തും. ഇങ്ങനെ വിവിധങ്ങളായ ആശയങ്ങളും ആശയക്കുഴപ്പങ്ങളും പണ്ഡിതന്മാർക്കിടയിൽ ഉണ്ട്. ഇങ്ങനെയുള്ള ആശയക്കുഴപ്പങ്ങൾ ഉണ്ടാകാനുള്ള ഒരു കാരണം ചില ശാസ്ത്രജ്ഞന്മാരുടെ പ്രത്യേകിച്ച് നിരീശ്വരവാദികളുടെ കണ്ടെത്തലുകളുമായി വേദപുസ്തകസത്യങ്ങളെ താരതമ്യം ചെയ്യുവാൻ ശ്രമിക്കുന്നതുകൊണ്ടാണ്. ഉദാഹരണത്തിന് വേദപുസ്തകത്തിൽ കാണുന്ന വംശാവലികളുടെ കാലനിർണയം നടത്തിയാൽ ആറായിരം കൊല്ലമെ ഭൂമിക്ക് പഴക്കം കാണുകയുള്ളൂവെന്നും അപ്പോൾ ലക്ഷക്കണക്കിന് വർഷം പഴക്കമുള്ള ഫോസിലുകളും, ഫോസിൽ ഇന്ധനങ്ങളും (പെട്രോളിയവും മറ്റും) എങ്ങനെ ഭൂമിയിൽ ഉണ്ടായിയെന്ന ചോദ്യത്തിന് പല പണ്ഡിതന്മാർക്കും ഉത്തരമില്ല. ഞാനൊരു പണ്ഡിതനല്ലാത്തതുകൊണ്ട് എനിക്ക് ഇക്കാര്യത്തിൽ ആശയക്കുഴപ്പമില്ല. വേദപുസ്തകവചനങ്ങൾ അക്ഷരീകമായി തന്നെ പരിശുദ്ധാത്മാവിന്റെ ഇടുപെടലിലൂടെ രൂപപ്പെട്ടതാണെന്നും അതുകൊണ്ട് വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നതെല്ലാം അപ്രകാരം തന്നെ സംഭവിച്ചതാണെന്നും വിശ്വസിച്ചാൽ ഒരു ആശയക്കുഴപ്പവും ഉണ്ടാകയില്ല. ഇക്കാര്യം ഒന്ന് വിശദമാക്കാൻ ശ്രമിക്കാം. ദൈവം ആദിയിൽ (ഇതെപ്പോഴാണെന്ന് നമുക്കറിഞ്ഞു കൂടാ) ഭൂമിയെ സൃഷ്ടിച്ചപ്പോൾ തന്നെ ഭൂമിയുടെ അന്തർഭാഗത്തു സ്വർണ്ണം, വെള്ളി, മറ്റ് ലോഹങ്ങൾ, കൽക്കരി, പെട്രോളിയം, എന്നിങ്ങനെയുള്ള സകല വസ്തുക്കളുടേയും സൃഷ്ടിച്ചു എന്ന് വിശ്വസിച്ചാൽ എന്താ കുഴപ്പം? അങ്ങനെ വിശ്വസിക്കുവാൻ ചില വേദപണ്ഡിതന്മാർ തയ്യാറല്ല. കാരണം കൽക്കരിയും പെട്രോളിയവുമൊക്കെ അനേകായിരം വർഷങ്ങളിലൂടെ രൂപാന്തരപ്പെട്ട് ഉണ്ടാകുന്നതാണെന്ന ശാസ്ത്രവും ഇവർക്ക് മുമ്പിൽ ഒരു വെല്ലുവിളിയാണ്.

കൽക്കരിയും പെട്രോളിയവുമൊക്കെ ഉണ്ടായതിനെക്കുറിച്ച് ശാസ്ത്രലോകം പറയുന്നതിങ്ങനെയാണ്. അനേകായിരം വർഷം മുമ്പ് മണ്ണിനടയിൽപ്പെട്ടുപോയ സസ്യജാലങ്ങളും മരങ്ങളുമെല്ലാം ഉന്നതതാപത്തിലും മർദ്ദത്തിലും (ഭൂമിക്കുള്ളിൽ താപവും മർദ്ദവും കൂടുതലാണെന്ന കാര്യം അറിയാമല്ലോ). രൂപാന്തരം പ്രാപിച്ചാണത്രെ കൽക്കരി ഉണ്ടായത്. അതുപോലെ ഭൂമിക്കടിയിൽപ്പെട്ടുപോയ സസ്യജാലങ്ങളുടേയും അവശിഷ്ടങ്ങൾ ഉന്നതതാപത്തിലും മർദ്ദത്തിലും രൂപാന്തരം പ്രാപിച്ചാണത്രെ പെട്രോളിയം ഉണ്ടാകുന്നത്. മേൽപ്പറഞ്ഞ ശാസ്ത്രനിഗമനത്തെ ദൈവവിശ്വാസികൾ എതിർക്കേണ്ട കാര്യമില്ല. ദൈവം ഭൂമിയെ സൃഷ്ടിച്ചപ്പോൾ തന്നെ അതിൽ ധാരാളം പെട്രോളിയവും കൽക്കരിയും സൃഷ്ടിച്ചിരുന്നു എന്ന് വിശ്വസിക്കുന്നതിലും തെറ്റില്ല. അതുപോലെ ഭൂമിയുടെ സൃഷ്ടിപ്പിന് ശേഷവും ഭൂമിയിൽ കൽക്കരിയും പെട്രോളിയവും രൂപാന്തരപ്പെടുന്നുണ്ടെന്ന് കരുതുന്നതിലും തെറ്റില്ല. കാരണം ദൈവം പ്രകൃതിക്ക് നിയന്ത്രിക പ്രവർത്തന സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. അതിന്റെ ഫലമായിട്ടും ഭൂമിയിൽ മാറ്റങ്ങളുണ്ടാകാം. ഉദാഹരണത്തിന് ദൈവം ഭൂമിയെ സൃഷ്ടിച്ചപ്പോൾ അതിൽ പർവ്വതങ്ങളുണ്ടായിരുന്നു. എന്നാൽ കാലക്രമേണ വിവിധ പ്രകൃതി പ്രതിഭാസങ്ങളുടെ ഫലമായി പുത്തൻ പർവ്വതങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. ഉദാഹരണത്തിന് ഭൂമിയുടെ ഉല്പത്തിക്ക് ശേഷം വളരെക്കാലം കഴിഞ്ഞിട്ടാണത്രെ ഹിമാലയ പർവ്വതം രൂപം കൊണ്ടത്. സൂഷ്മമായി പഠിച്ചാൽ ദൈവവചനത്തിന്റെ വെളിപ്പാടുകൾക്ക് ശാസ്ത്രീയമായ കണ്ടുപിടിത്തങ്ങൾ ഒരിക്കലും എതിരാവുന്നില്ല. മാത്രമല്ല ഏത് പുതിയ ശാസ്ത്രീയ കണ്ടുപിടിത്തങ്ങളും ദൈവവചനത്തെ ഉറപ്പിക്കുന്നതായിട്ടാണ് സംഭവിക്കുന്നത്.

രസകരമായ മറ്റൊരു ചിന്തയാണ് ഉല്പത്തി പുസ്തകത്തിൽ കാണുന്ന വെളിച്ചത്തിന്റെ സൃഷ്ടിയും സൂര്യചന്ദ്രന്മാരുടെ സൃഷ്ടിയും. ദൈവം ഒന്നാം ദിവസം വെളിച്ചത്തെ സൃഷ്ടിച്ചു എന്ന് നാം വായിക്കുന്നു. അതിന് ശേഷം നാലാം ദിവസമാണ് സൂര്യചന്ദ്രന്മാരെ സൃഷ്ടിച്ചത്. സൂര്യചന്ദ്രന്മാർ ഇല്ലാതെ എങ്ങനെയാണ് വെളിച്ചമുണ്ടാകുന്നതെന്ന ചോദ്യത്തിന് മുമ്പിൽ വിശ്വാസികൾ പതറിപ്പോകേണ്ട കാര്യമില്ല. സൂര്യനില്ലാതെയും വെളിച്ചമുണ്ടാക്കുവാൻ ദൈവത്തിന് കഴിയും. ഉദാഹരണത്തിന് പുതിയ യെരുശലേമിൽ സൂര്യനില്ലാതെ തന്നെ വെളിച്ചമുണ്ടായിരിക്കുമല്ലോ. ഇക്കാര്യത്തിലുള്ള എന്റെ ചിന്ത ഞാൻ പങ്കുവെയ്ക്കട്ടെ. ദൈവം ഭൂമിയെ സൃഷ്ടിച്ചതിന് ശേഷം മനുഷ്യനെ അതിൽ പാർപ്പിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ വരുത്തുവാൻ തുടങ്ങി. അതിന്റെ ഭാഗമായി ഭൂമിയെ മൂടിയിരുന്ന കൂരിരുളിനെ ദൈവം വെളിച്ചം ഉപയോഗിച്ച് മാറ്റി നിർത്തി. (കോടാനുകോടി മൈലുകൾ വ്യാപിച്ചുകിടക്കുന്ന ശൂന്യാകാശം നിറയെ കൂരിരുട്ടാണെന്നാണ് ശാസ്ത്രലോകം പറയുന്നത്). ഈ സന്ദർഭത്തിൽ തന്നെ ദൈവം സൂര്യചന്ദ്രന്മാരെ സൃഷ്ടിച്ചിരിക്കുവാനും സാധ്യതയുണ്ട്. എന്നാൽ ഭൂമിയിൽ രാവും പകലും ഉണ്ടാകത്തക്കവിധത്തിൽ ആകാശവിതാനത്തിൽ അവയെക്കൊണ്ടുവന്ന് നിർത്തിയത് നാലാം ദിവസത്തിലായിരിക്കും. ഇവിടെയെങ്ങും ശാസ്ത്രവുമായി ദൈവവചനത്തിന് യാതൊരു വൈരുദ്ധ്യവുമില്ലാതെ തന്നെ. വൈരുദ്ധ്യബുദ്ധിയിൽ ചന്തിച്ചാൽ അങ്ങനെ തോന്നുമെന്ന് മാത്രം.

സൂര്യചന്ദ്രന്മാരെക്കുറിച്ചും ഭൂമിയെക്കുറിച്ചും ശാസ്ത്രലോകത്തിന്റെ കണ്ടെത്തലുകൾ സാധാരണക്കാരായ നമുക്ക് ആശ്ചര്യം പകരുന്നതാണ്. എന്നാൽ ശാസ്ത്രജ്ഞന്മാർക്ക് ചിന്തിക്കാൻ പോലും കഴിയാത്ത കാലത്ത് തന്നെ പരിശുദ്ധാത്മാവ് ഈ രഹസ്യങ്ങൾ തിരുവചനത്തിലൂടെ വെളിപ്പെടുത്തിയിരുന്നു. ഉദാഹരണത്തിന് ഭൂമിയുടെ ഗോളാകൃതിയെക്കുറിച്ച് ഗലീലിയോയും കോപ്പർനിക്കസുമൊക്കെ ചിന്തിച്ചു തുടങ്ങുന്നതിന് മുമ്പ് തന്നെ ഇക്കാര്യം വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരുന്നു. ദൈവം ഭൂമിയുടെ പ്ലാൻ വരച്ച കാര്യമാണ് സദൃശ്യവാക്യം 8:27 ൽ പറയുന്നത്. (അവൻ ആഴത്തിന്റെ ഉപരിഭാഗത്ത് വൃത്തം വരച്ചു) യെശയ്യാവ് 40:22ൽ കാണുന്ന ഭൂമണ്ഡലമെന്നത് സർക്കിൾ ഓഫ് ദി എർത്ത് എന്നാണ് ഇംഗ്ലീഷ് ഭാഷാന്തരത്തിൽ ഉള്ളത്. ഇതൊന്നും വായിച്ചു മനസ്സിലാക്കാത്തതുകൊണ്ടാണ് അന്നത്തെ ക്രിസ്തീയ സഭാനേതാക്കൾ ശാസ്ത്രജ്ഞന്മാരെ

ശേഷം പേജ് 4

# സുവിശേഷത്തിന് വേണ്ടി ജീവിതം സമർപ്പിച്ച പാസ്റ്റർ പി.എം തോമസ്

**ടോണി ഡി ചൊവ്വൂക്കാരൻ**

സുവിശേഷീകരണ രംഗത്ത് വിവിധ നിലകളിൽ അരനൂറ്റാണ്ടു കാലം പ്രവർത്തിച്ച പാസ്റ്റർ പി.എം തോമസിന്റെ സേവനം മാതൃകാപരവും അനുകരണീയവുമായിരുന്നുവെന്ന് തൃശൂരിൽ നടന്ന അനുസ്മരണ യോഗം വിലയിരുത്തി. ഡിസം.26നോയിരുന്നു പാസ്റ്റർ പി.എം തോമസ് (83) നിത്യതയിൽ ചേർക്കപ്പെട്ടത്. ജനു.7ന് അസംബ്ലീസ് ഓഫ് ഗോഡ് ചർച്ചിൽ നടന്ന അനുസ്മരണ യോഗത്തിൽ സി.വി മാത്യു അധ്യക്ഷത വഹിച്ചു. 1956 ൽ കൊല്ലം ജില്ലയിലെ കലയപുരത്തു നിന്നും ജോലിയോടുള്ള ബന്ധത്തിൽ തൃശ്ശൂരിലെത്തിയ തോമസ് അന്നു മുതൽ ആത്മീയരംഗത്തും സജീവമായി പ്രവർത്തിക്കുവാൻ തുടങ്ങി. പടിപ്പുരക്കൽ പരേതനായ പാസ്റ്റർ ഇട്ടി മത്തായിയുടെ മകനായ പാസ്റ്റർ പി.എം തോമസ് പിന്നീട് സുവിശേഷത്തിനുവേണ്ടി ജീവിതം മാറ്റിവെച്ചു. കലയപുരം കേന്ദ്രമാക്കിയുള്ള ദൈവസഭയുടെ ജനറൽ പ്രസിഡന്റായി 25 വർഷം താൻ സേവനം അനുഷ്ഠിച്ചു. സൗമനും ഉപദേശവിഷയങ്ങളിൽ അയവു വരുത്താത്ത പ്രാകൃതക്കാരനുമായ ദൈവസഭക്കും സംഘടനകൾക്കും അനുഗ്രഹമായിരുന്നു. ദൈവസഭാ ദൂതൻ മാസികയുടെ പത്രാധിപരായി അദ്ദേഹം ദീർഘവർഷം പ്രവർത്തിച്ചു. തൃശൂരിലെ ആത്മീയ പ്രവർത്തനങ്ങളുടെ മുൻനിരയിൽ തന്റെ സജീവ സാന്നിധ്യവും നിസ്തുലമായ പ്രവർത്തനവും എടുത്തു പറയേണ്ടതു തന്നെ. മാക്പേല അസോസിയേഷൻ, ഭാരത് ബൈബിൾ സൊസൈറ്റി, ക്രൈസ്തവ സാഹിത്യ അക്കാദമി, ഗിഡിയൻസ്



ഇന്റർനാഷണൽ, ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യാ തുടങ്ങിയ സംഘടനകളുടെ ഔദ്യോഗിക സ്ഥാനങ്ങൾ വഹിച്ച് താൻ ചാപ്റ്റർ തൃശൂരിൽ ആരംഭിക്കുമ്പോൾ ആദ്യ പ്രവർത്തകരായ നാലുപേരിൽ ഒരാൾ പാസ്റ്റർ പി.എം തോമസായിരുന്നു. വിവിധ സഭാസംഘടനാ നേതാക്കന്മാർ, പത്രാധിപന്മാർ തുടങ്ങി വിവിധ പ്രവർത്തന മേഖലയിലുള്ളവർ അനുസ്മരണയോഗത്തിൽ സംസാരിച്ചു. പാസ്റ്റർ പി.എം തോമസിന്റെ ഭാര്യ സിസ്റ്റർ പൊടിയമ്മ മകൻ പോൾ തോമസ് കുടുംബാംഗങ്ങൾ തുടങ്ങിയവരും സമ്മേളനത്തിൽ സംബന്ധിച്ചു. പാസ്റ്റർ സി.ജെ സാമുവൽ, സി.ജെ വർഗീസ്, ടോണി ഡി ചെവ്വൂക്കാരൻ എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി. പാസ്റ്റർ പി.എം തോമസ് ഡിസം.26ന് എറണാകുളത്ത് മകന്റെ വീട്ടിൽവെച്ചാണ് നിത്യതയിൽ ചേർക്കപ്പെട്ടത്. സംസ്കാര ശുശ്രൂഷ പിറ്റേദിവസം കലയപുരം ദൈവസഭാ ആസ്ഥാനത്തും പാസ്റ്റർ രാജൻ കുരുവിളയുടെ നേതൃത്വത്തിൽ നടന്നു. പാസ്റ്റർ ഉമ്മൻ നെത്തോട്ടം പ്രസംഗിച്ചു. പാസ്റ്റർ ജോർജ് ഫിലിപ്പ് മുഖ്യ സന്ദേശം നൽകി. പാസ്റ്റർ പി.എം തോമസിന്റെ ഭാര്യ പൊടിയമ്മ മണക്കാല ചാക്കോയുടെയും ശോശാമ്മയുടെയും മകളാണ്. മക്കൾ: മാത്യു, ജേക്കബ്, ജോർജ്, ജോൺ, പോൾ.

# ഭൂമിയും സൃഷ്ടിച്ചു...

*3-ാം പേജ് തുടർച്ച*

പീഡിപ്പിച്ചത്. ഇന്ന് വേദപുസ്തകത്തെക്കുറിച്ചറിയാൻ വയ്യാത്ത യുക്തിയില്ലാത്ത യുക്തിവാദികൾ ബൈബിൾ ശാസ്ത്രതത്വങ്ങൾക്കെതിരാണെന്ന് പ്രചരിപ്പിക്കുന്നു. ദൈവം ഭൂമിയെ പരത്തിയെന്നൊക്കെ പറയുന്ന ചില വേദഭാഗങ്ങൾ ബൈബിളിലുണ്ട്. ഭൂമിയെ ദോശ പരത്തുന്നതുപോലെ ദൈവം പരത്തിയെന്നല്ല ഇതിനർത്ഥം. മനുഷ്യന് പാർക്കാനും കൃഷി ചെയ്യാനും വീടു വെയ്ക്കാനുമൊക്കെ യോജിക്കുന്ന തരത്തിൽ ഗോളാകൃതിയിലുള്ള ഭൂമിയുടെ ഉപരിഭാഗം ദൈവം ക്രമീകരിച്ചു എന്നേ ഇതിനർത്ഥമുള്ളു.

# ഗോസ്പൽ ഫീസ്റ്റ്

ഷാർജ: ഡോ.എബി പി മാത്യു (ബീഹാർ) ജനുവരി 29-30 തീയതികളിൽ ഷാർജ യൂണിയൻ ചർച്ചിലെ 2-ാം നമ്പർ ഹാളിൽ പ്രസംഗിച്ചു. ഷാർജ പെന്തെക്കോസ്തൽ അസംബ്ലി സംഘടിപ്പിച്ച യോഗത്തിലായിരുന്ന പ്രസംഗം. സ്പാ ക്വയർ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.


ബേദ്ലഹേം ക്രിസ്ത്യൻ എഡ്യുക്കേഷണൽ സെന്റർ

ഐ.പി.സി അംഗീകൃതം

വേദവിദ്യാർത്ഥികളുടെ ആശാകേന്ദ്രം

മൂന്നു പതിറ്റാണ്ടുകളുടെ സേവന ചരിത്രം

G.Th. (മൂന്നു വർഷം) മലയാളം മീഡിയം



ഡോ. ഫിലിപ്പ് പി. തോമസ്
ഡയറക്ടർ

ആത്മീയ അന്തരീക്ഷം
തികഞ്ഞ അച്ചടക്കം
പ്രായോഗിക പരിശീലനം
മികച്ച താമസസൗകര്യം
സംഗീത പരിശീലനം
സ്കോളർഷിപ്പ് ലഭ്യമാണ്

അപേക്ഷ ഫോറത്തിന് എഴുതുക
ബി.സി.ഇ.സി
താമല്ലാക്കൽ പി.ഒ. ഹരിപ്പാട് - 690 549
ഫോൺ : 979-2419821, 9446331715
E-mail: philipthomas@sancharnet.in

ക്ലാസുകൾ ഏപ്രിൽ 3ന് ആരംഭിക്കുന്നു



വെളിപ്പാട് പുസ്തക വ്യാഖ്യാനം VCDയിൽ

പ്രഭാഷകൻ : പാസ്റ്റർ A.K. തമ്പി തൃശൂർ



വെളിപ്പാട് പുസ്തകം
ചാർട്ടുകളുടെ സഹായത്തോടെ
വിശദമാക്കുന്നു.

ഇപ്പോൾ ലഭ്യമായ VCDകൾ

- ❖ കാലാരംഭവും പഴയനിയമ സംഗ്രഹവും
- ❖ വെളിപ്പാട് 11ലെ 2 സാക്ഷികൾ
- ❖ സഭായുഗവും സ്വർഗ്ഗീയസദസ്സും
- ❖ ഇങ്ങനെയാകുന്നു കാര്യത്തിന്റെ സമാപ്തി
- ❖ വെളിപ്പാട് 4,5 അദ്ധ്യായങ്ങൾ
- ❖ വെളിപ്പാട് 12ലെ 5 മൂർത്തികൾ
- ❖ മഹോപദ്രവകാലത്തിലെ പീഢനങ്ങൾ
- ❖ വെട്ടുക്കിളിപ്പട
- ❖ എതിർ ക്രിസ്തുവിന്റെ സാമ്രാജ്യം
- ❖ വെളിപ്പാട് പുസ്തകത്തിലെ 7 തീർപ്പുകൾ
- ❖ സഹസ്രാബ്ദ വാഴ്ച
- ❖ വെളിപ്പാട് പുസ്തകത്തിലെ 7 നൂതനങ്ങൾ ... etc.

കൂടാതെ Pr. K.C. തോമസ്, Pr. ഫിലിപ്പ് P.തോമസ്, Pr. പോൾ ഗോപാലകൃഷ്ണൻ, Pr. P.C. ചെറിയാൻ, Pr. K.J. മാത്യു, Pr. സണ്ണികുര്യൻ, Pr. B. മോനച്ചൻ, Pr. K.J. തോമസ്, Pr. ജോയി പാറയ്ക്കൽ ...... തുടങ്ങി അനുഗ്രഹിക്കപ്പെട്ട ദൈവദാസന്മാരുടെ പ്രഭാഷണങ്ങളുടെ VCDയും ലഭ്യമാണ്.

Contact us :-
Word Sow Ministries
Kumbanad - 689 547
Mob: 9447 295757, 98466 40937



2013 ഫെബ്രുവരി 4 മുതൽ 8 വരെ ചെറുകോൽ ഹാബേൽ വർഷിപ്പ് സെന്ററിൽ
വെളിപ്പാട് പുസ്തകത്തെ ആസ്പദമാക്കി
Pr. A.K. തമ്പി (തൃശൂർ) തിരുവചനത്തിൽ നിന്നും സംസാരിക്കുന്നു.
ഏവരെയും പ്രാർത്ഥനാപൂർവ്വം പ്രസ്തുതയോഗത്തിലേക്ക് ക്ഷണിച്ചുകൊള്ളുന്നു.
സഭയ്ക്കുവേണ്ടി,
Pr. T.J. ഏബ്രഹാം Mob. 9048014441



Asia's First Fully Online Bible College!



FLEXIBLE!
AFFORDABLE!!
ACCREDITED!!!

FAITH REACH INSTITUTE OF THEOLOGY - FRIT



NATA Membership & IGSM* Authorized
Fully Online Theology Programs
*International Graduate School of Ministry, USA

Golden Opportunity for all students of the Bible, anywhere in the world, to enhance their knowledge to the Doctoral, Master's & Graduate level, from the comfort of your home or office ...

1. Doctor of Ministry (D. Min.) – 3 Years
2. Master of Divinity (M. Div.) – 3 Years
3. Graduate Diploma in Divinity – 2 Years
4. Graduate Certificate in Divinity – 1 Year

- Examination free – evaluation based on assignments, book reviews, thesis submission and on-line viva….
- Premium Institute with National Association of Theological Accreditation (NATA) membership & fully authorized Doctoral program from International Graduate School of Ministry (IGSM), US
- Admissions open for 365 days 24/7.
- Internationally acclaimed Professors & guides from renouned universities to assist you….
- 100% online – from submission of application to evaluations… + down-loadable online modules.
- Affordable fees in semester installments with no hidden charges.
- Effective local contact support.

*Log in today to apply online*

For more details kindly call : Pastor Shaju C. Joseph on 0091 9747709134

www.frit.org.in

**ഐ.പി.സി. തിരഞ്ഞെടുപ്പിൽ പാസ്റ്റർ ജേക്കബ് ജോണിന്റെ വിജയത്തിന് കാരണമായ ഇന്റർവ്യൂ. സാംകുട്ടി ചാക്കോ നിലമ്പൂർ പാസ്റ്റർ ജേക്കബ് ജോണുമായി നടത്തിയ ഈ അഭിമുഖം കുമ്പനാട് കൺവൻഷനോടനുബന്ധിച്ച് പുറത്തിറങ്ങിയ ഹാലേലൂയ്യ സപ്ലിമെന്റിലാണ് പ്രസിദ്ധീകരിച്ചത്.**

# മാറ്റത്തിന്റെ കൊടുങ്കാറ്റാകാൻ പാസ്റ്റർ ജേക്കബ് ജോൺ



*ഐ.പി.സി. തിരഞ്ഞെടുപ്പിൽ പ്രസിഡന്റ് സ്ഥാനാർത്ഥിയായ പാസ്റ്റർ ജേക്കബ് ജോൺ ഹാലേലൂയ്യയ്ക്ക് നൽകിയ അഭിമുഖത്തിൽ നിന്ന്.*

*? ഐ.പി.സി.യുടെ നാളിതുവരെയുള്ള ചരിത്രത്തിൽ ജനറൽ പ്രസിഡന്റ് സ്ഥാനത്തേക്ക് ആർക്കും എതിർസ്ഥാനാർത്ഥി ഉണ്ടായിട്ടില്ല. എന്തുകൊണ്ടാണ് താങ്കൾ റവ.ഡോ. വത്സൻ ഏബ്രഹാമിനെതിരെ സ്ഥാനാർത്ഥിയാകാൻ തീരുമാനിച്ചത്?*

കഴിഞ്ഞ ആറു വർഷം ഐ.പി.സി. ജനറൽ സെക്രട്ടറിയായി ഔദ്യോഗിക സ്ഥാനത്തിരുന്ന റവ.വത്സൻ ഏബ്രഹാം ഒരു ടേമിലേക്ക് മാറിനിന്ന് നമ്മുടെ സഭയുടെ ജനറൽ പ്രസിഡന്റ് സ്ഥാനത്തെ മത്സരം ഒഴിവാക്കേണ്ടതായിരുന്നു.

കഴിഞ്ഞ രണ്ടുതവണ അദ്ദേഹം ജനറൽ സെക്രട്ടറി സ്ഥാനത്തു പ്രവർത്തിച്ചു. ഈ കാലയളവിൽ ഐ.പി.സിക്ക് ഒരു വിധത്തിലുമുള്ള നേട്ടങ്ങളും ഉണ്ടാക്കുവാൻ അദ്ദേഹത്തിന് സാധിച്ചില്ല. ഉത്തരേന്ത്യയിലും മറ്റും പതിറ്റാണ്ടുകൾ കഷ്ടപ്പെട്ട് ഐ.പി.സിയെ സേവിച്ച പാസ്റ്റർ വൈ.ഇ.ശാമുവേലിനേപ്പോലെയുള്ള ദൈവദാസന്മാരെ (ഒറീസ) വഴിയാധാരമാക്കിയതാണ് അദ്ദേഹത്തിന്റെ ഭരണനേട്ടം. ഐ.പി.സിയെ സ്നേഹിക്കുന്ന ആയിരക്കണക്കിന് ദൈവദാസന്മാരുടെയും ദൈവജനത്തിന്റെയും ആഗ്രഹവും പ്രാർത്ഥനയുമാണ് എന്റെ സ്ഥാനാർത്ഥിത്വത്തിന് പിന്നിൽ.

*? ഉപവാസവും പ്രാർത്ഥനയുമായി നടക്കുന്ന താങ്കൾക്ക് എങ്ങനെ സഭാഭരണം നടത്താനാകും?*

സത്യമാണ്. ഞാൻ വർഷത്തിൽ രണ്ടുതവണയെങ്കിലും നാൽപ്പതു ദിവസം ഉപവസിച്ച് പ്രാർത്ഥിക്കാറുണ്ട്. എന്റെ ജീവിതവും ശുശ്രൂഷയുമെല്ലാം പ്രാർത്ഥനയുടെ മറുപടിയും ദൈവപ്രവർത്തിയുമാണ്. പ്രസിഡന്റായാലും ഞാൻ പ്രാർത്ഥന കുറയ്ക്കുകയില്ല. ഐ.പി.സി.ക്ക് സംഭവിച്ച കുഴപ്പം പ്രാർത്ഥനയും ഉപവാസവും കുറഞ്ഞു പോയതാണെന്നാണ് എന്റെ വിശ്വാസം.

വിക്കനായ മോശെയെക്കൊണ്ട് യിസ്രായേൽ ജനത്തെ അടിമത്വത്തിൽ നിന്ന് വിടുവിക്കുവാൻ സാധിച്ച ദൈവത്തിന് അപ്രാപ്തനായ എന്നെ ഉപയോഗിച്ച് ഐ.പി.സിയെ നയിക്കുവാൻ സാധിക്കില്ലേ?

ഇടിഞ്ഞു കിടന്ന യെരുശലേമിന്റെ മതിൽ പണിയുവാൻ ഇറങ്ങിത്തിരിച്ച നെഹമ്യാവ് ആദ്യം ചെയ്തത് ഉപവസിച്ച് പ്രാർത്ഥിക്കുകയായിരുന്നു. ദൈവമുഖത്തേക്ക് നോക്കുന്ന ഭക്തനേ ദൈവത്തിന് വേണ്ടി ആത്മാർത്ഥമായി നില്ക്കുവാനും സാധിക്കയുള്ളു.

ഐ.പി.സിക്കാർ തീരുമാനിക്കട്ടെ വർഷത്തിൽ നാലുതവണ മാത്രം ഇന്ത്യ സന്ദർശിക്കുന്ന പ്രസിഡന്റു വേണോ അതോ ഇവിടെയിരുന്ന് പ്രാർത്ഥിക്കുന്ന പ്രസിഡന്റു വേണോ?

*? തനിക്ക് നേരത്തെ എതിരില്ലായിരുന്നുവെന്നും ഇപ്പോൾ അധികാരമോഹം കൊണ്ടാണ് പലരും മത്സരിക്കുവാൻ തയ്യാറായിരിക്കുന്നതെന്നുമാണല്ലോ വത്സൻ ഏബ്രഹാം പത്രങ്ങൾക്ക് നൽകിയ അഭിമുഖത്തിൽ ആരോപിക്കുന്നത്.*

ഒറ്റ മറുപടിയേ അതിനുള്ളു. തീരെ അധികാരമോഹമില്ലാത്ത പാസ്റ്റർ വത്സൻ ഏബ്രഹാം ഒരു തവണത്തേക്ക് സഭാ ഭരണത്തിൽ നിന്ന് മാറി നിന്ന് മാതൃക കാണിക്കുക, അതിന് സാധിക്കുമോ? ഇല്ലെങ്കിൽ ഇത്തരം ആരോപണങ്ങൾ പറയരുത്, ഐ.പി.സിയുടെ ചരിത്രം ശരിക്കറിയാത്തതുകൊണ്ടാണ് അദ്ദേഹം ഇങ്ങനെ പറയുന്നത്. സഭയിൽ എല്ലാക്കാലത്തും വ്യത്യസ്ത അഭിപ്രായങ്ങളുണ്ടായിരുന്നു. ആരും എതിർപ്പു പറയാതെ ഏറാൻ മൂളികളായി നിൽക്കേണ്ടി വരുന്നത് രാജവാഴ്ചയിലാണ്. ഇത് തികഞ്ഞ ജനാധിപത്യ സംവിധാനമാണ്. ഇവിടെ എതിർസ്ഥാനാർത്ഥി വരുമ്പോൾ സഹിഷ്ണതയോടെ നേരിടേണ്ടതിന് പകരം ഈ രീതിയിലല്ല പ്രതികരിക്കേണ്ടത്.

*? പഞ്ചാബിനെ സംബന്ധിച്ച് കഴിഞ്ഞ രണ്ടര വർഷമായി താങ്കൾ ഒരു പരാതിയും കൗൺസിലിന് നൽകിയിട്ടില്ല എന്നാണല്ലോ അദ്ദേഹം അഭിമുഖത്തിൽ പറയുന്നത്.*

തികച്ചും ശരിയാണ്. പഞ്ചാബിന്റെ കാര്യത്തിൽ ഇപ്പോഴും എനിക്കൊരു പരാതിയും ഇല്ലല്ലോ. അദ്ദേഹവും സഹപ്രവർത്തകരും പ്രവർത്തിക്കട്ടെ. ആത്മാക്കളെ നേടട്ടെ, സഭ വളരട്ടെ, എനിക്കൊരു പരാതിയുമില്ല. ഞാൻ ആരംഭിച്ച് വളർത്തിയെടുത്ത പഞ്ചാബ് സ്റ്റേറ്റിലെ ഐ.പി.സി.വേലയിലേക്ക് പാസ്റ്റർ വത്സൻ ഏബ്രഹാമിനെ ക്ഷണിച്ചുകൊണ്ടു പോയി പ്രസിഡന്റാക്കിയത് ഞാനാണല്ലോ. അന്ന് ഗുഡ്ന്യൂസ് ചെയർമാനായിരുന്ന വി.എം.മാത്യുസാർ എന്നോട് പറഞ്ഞതാണ് "പാസ്റ്ററേ, നിങ്ങൾ വളരെ മണ്ടത്തരമാണ് കാണിക്കുന്നത്. വത്സൻ നിങ്ങളെ പുറത്താക്കും." ആ വാക്ക് സത്യമായെന്നത് ചരിത്രമാണ്. ഈ ചരിത്രം ഞാനെങ്ങനെ പറയാതിരിക്കും?

*? എന്താണ് സത്യത്തിൽ പഞ്ചാബിൽ സംഭവിച്ചത്?*

പാസ്റ്റർ വത്സൻ ഏബ്രഹാം അഭിമുഖം നൽകിയപ്പോൾ ബോധപൂർവ്വം മറന്നുകളഞ്ഞ ഒരു പേരുണ്ട്. പാസ്റ്റർ ക്യാപ്റ്റൻ സാമുവേൽ. അദ്ദേഹമാണ് എന്നെയും പാസ്റ്റർ ജോൺ രാജനേയും, കെ.കോശിയേയുമെല്ലാം പഞ്ചാബിലേക്കയക്കുന്നത്. ക്യാപ്റ്റന്റെ കഠിനാദ്ധ്വാനമാണ് പഞ്ചാബിലെ ഐ.പി.സി.സഭകളുടെ അടിത്തറ.

ലാഹോറിൽ പോയ പാസ്റ്റർ കെ.ജെ.ശാമുവേലിനെയൊന്നും ഞാൻ മറക്കുന്നില്ല. എന്നാൽ പാസ്റ്റർ പി.ടി. സാമുവേലിന്റെ കാര്യം വത്സൻ പറയുന്നല്ലോ അദ്ദേഹം ക്യാപ്റ്റന്റെ കൂടെ ജമ്മു കാഷ്മീരിലാണ് പ്രവർത്തിച്ചത്, പഞ്ചാബിലല്ല. അദ്ദേഹം പഞ്ചാബിൽ കുറച്ചുകാലം ഉണ്ടായിരുന്നു. അന്ന് അദ്ദേഹം ചർച്ച് ഓഫ് ഗോഡിന്റെ പ്രവർത്തകനായിരുന്നു.

1976 മെയ് നാലിനാണ് ക്യാപ്റ്റൻ എന്നെ പഞ്ചാബിലേക്കയക്കുന്നത്. അന്ന് പഞ്ചാബിൽ ഐ.പി.സിക്ക് ഒരു വേലയുമില്ല. പാസ്റ്റർ ജോൺ രാജനും ഞാനും ഒന്നിച്ച് ഒരു മുറിയിൽ താമസിച്ച് പ്രവർത്തിച്ചു. അന്നുമിന്നും പ്രാർത്ഥനയാണ് എന്റെ കൈമുതൽ. ദിവസവും ട്രാക്ട് കൊടുക്കും. ഒരിക്കൽ മൂന്നു ദിവസം ആഹാരമില്ല. ഞങ്ങൾ തളർന്നു. പ്രാർത്ഥിച്ച് വേല ചെയ്തു. അങ്ങനെയിരിക്കെ പാസ്റ്റർ ജോൺ രാജന്റെ മുമ്പിലൂടെ ഒരു എലി എന്തോ കടിച്ചുകൊണ്ട് ഓടി. മനുഷ്യനെ കണ്ടതോടെ കടിച്ചുപിടിച്ചിരുന്നത് ഇട്ടേച്ച് എലി ഓടിപ്പോയി. ജോൺ രാജൻ അതെടുത്തു നോക്കിയപ്പോൾ അത്ഭുതപ്പെട്ടുപോയി. 100 രൂപയുടെ നോട്ടായിരുന്നു. അന്ന് ഞങ്ങൾക്ക് അനേക ദിവസങ്ങളിലേക്കുള്ള ആഹാരത്തിനുള്ള തുക.

ഇങ്ങനെ അത്ഭുതങ്ങളിലൂടെയാണ് ഞങ്ങൾ പഞാബിൽ വേല ചെയ്തത്. ശക്തമായ എതിർപ്പുകളുണ്ടായിരുന്നു. പത്താൻകോട്ടു വച്ച് ഒരാൾ നീളമുള്ള വടിവാൾ വെച്ച് എന്നെ വെട്ടി. ആ വ്യക്തിയെ പിന്നീട് രക്ഷയിലേക്ക് നയിക്കുവാൻ ദൈവം എനിക്ക് ഭാഗ്യം തന്നു.

വെള്ളം നിറച്ച ജഗ് വച്ച് ഒരാൾ എന്റെ തലയിൽ ആഞ്ഞടിച്ചു. ഒരിക്കൽ 300 പേർ എന്നെ കൊല്ലുവാൻ വളഞ്ഞു. അവരുടെ ലീഡർക്ക് ബുദ്ധിഭ്രമം ബാധിച്ചതിനാൽ ഞാൻ രക്ഷപെട്ടു. ഇത്തരം അനുഭവങ്ങളൊക്കെ സന്തോഷത്തോടെ സഹിച്ചു, വേല ചെയ്തു. സഭകൾ സ്ഥാപിച്ചു. എഴുപതിലധികം ലോക്കൽ സഭകൾ. അതു കഴിഞ്ഞാണ് ഞാൻ വത്സൻ ഏബ്രഹാമിനെ പഞ്ചാബിലേക്ക് ക്ഷണിച്ചുകൊണ്ടു പോയത്..

അങ്ങനെ പഞ്ചാബ് സ്റ്റേറ്റിന്റെ പ്രസിഡന്റായി വത്സൻ ഏബ്രഹാമും വൈസ് പ്രസിഡന്റായി ഞാനും പ്രവർത്തിച്ചു. എന്നാൽ വേലയുടെ പുരോഗതിക്കായി എനിക്ക് നൽകിയ ഒരു വാഗ്ദാനവും അദ്ദേഹം പാലിച്ചില്ല. ഐ.പി.സിക്ക് പകരം അദ്ദേഹത്തിന്റെ സ്വകാര്യട്രസ്റ്റായ ഐ.ജി.ഒ.യുടെ പേരിലാണ് അവിടെ പിന്നീട് സഭകൾ സ്ഥാപിക്കപ്പെട്ടത്. ഞാൻ ഇതിനെ ചോദ്യം ചെയ്തു. ഒടുവിൽ പഞ്ചാബ് സ്റ്റേറ്റ് വൈസ് പ്രസിഡന്റ് സ്ഥാനം രാജിവച്ച് പോരുവാൻ ഞാൻ നിർബ്ബന്ധിതനാകുകയായിരുന്നു.

*? ഹിമാചൽ സ്റ്റേറ്റ് എന്ന് അംഗീകരിക്കുവാൻ യോഗ്യത ഇല്ലാഞ്ഞിട്ടും അംഗീകരിച്ചെന്നും, താങ്കളെ ജനറൽ കൗൺസിൽ അംഗവും സ്റ്റേറ്റ് പ്രസിഡന്റും ആക്കിയെന്നുമാണല്ലോ വത്സൻ ഏബ്രഹാം അഭിമുഖത്തിൽ പറഞ്ഞിരിക്കുന്നത്?*

അദ്ദേഹം പറയുന്നതു കേട്ടാൽ തോന്നുക പാസ്റ്റർ വത്സൻ ഏബ്രഹാമിന്റെ ഔദാര്യത്തിലാണ് എനിക്ക് ഹിമാചൽ സ്റ്റേറ്റ് കിട്ടിയതെന്ന്. സത്യത്തിൽ ജനറൽ കൗൺസിലിൽ എനിക്ക് ഹിമാചലിന്റെ ചുമതല തരാതിരിക്കുവാൻ പാസ്റ്റർ വത്സൻ ഏബ്രഹാം കഴിവിന്റെ പരമാവധി ശ്രമിച്ചതാണ്. എന്നാൽ പരേതനായ കുമ്പനാട് കണ്ടൻകേരിൽ കെ.ടി.വർഗീസും ബ്രദർ ജോയി താനവേലിയും മറ്റും ശക്തമായ നിലപാടെടുത്തതുകൊണ്ടാണ് എന്നെ പുറത്താക്കാൻ പറ്റാഞ്ഞത്. ഇതൊന്നും അറിയാത്ത പാവപ്പെട്ട വിശ്വാസികളെയും ദൈവദാസന്മാരെയും തെറ്റിദ്ധരിപ്പിക്കാനാണ് വത്സൻ പത്രങ്ങളിൽ നൽകിയ പരസ്യത്തിലൂടെ ശ്രമിച്ചത്. ഒരു പക്ഷേ കുമ്പനാട് കൺവൻഷൻ വേദിയിലും എനിക്കെതിരെ പ്രസ്താവന പറഞ്ഞേക്കാം. എനിക്ക് സത്യം പറയുവാൻ അവസരം തരികയുമില്ലല്ലോ.

*? ബീഹാറിൽ 1700 സഭ ഉണ്ടായതായി വത്സൻ ഏബ്രഹാം അവകാശപ്പെടുന്നല്ലോ?*

ബീഹാറിൽ ഡോ.എബി നടത്തുന്ന ഇന്ത്യാ മിഷൻ പ്രവർത്തനത്തെക്കുറിച്ചാണ് വത്സൻ സ്വന്തമെന്നപോലെ അവകാശവാദം പറയുന്നത്. ബീഹാറിൽ ഒരു ചില്ലിക്കാശു പോലും വത്സന്റെ കയ്യിൽ നിന്ന് മുടക്കിയതായി ആർക്കും അറിയില്ല. മറ്റുള്ളവന്റെ അദ്ധ്വാനം സ്വന്തം നേട്ടമാക്കി മാറ്റുന്നതും പ്രചരിപ്പിക്കുന്നതും വ്യാജമാണ്. ഇത് ഐ.പി.സിക്കാർ തിരിച്ചറിയും.

*? കുമ്പനാട്ട് ഭൂമി വാങ്ങുന്നതോ കെട്ടിടം പണിയുന്നതോ അല്ല ഐ.പി.സിയുടെ വളർച്ച എന്ന് വത്സൻ പറയുന്നല്ലോ.*

കഴിഞ്ഞ ആറുവർഷം സെക്രട്ടറിയായി ഈ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലിരുന്നിട്ട് ഒന്നും ചെയ്യാതിരുന്നു എന്നതു മാത്രമല്ല ഇങ്ങനെ പറഞ്ഞ് ജനത്തെ കബളിപ്പിക്കുക കൂടെ ചെയ്യരുത്. വസ്തു വാങ്ങുന്നതും കെട്ടിടം പണിയുന്നതും വളർച്ചയല്ലെങ്കിൽ ഓതറയിൽ അറുപത് ഏക്കർ സ്ഥലം വാങ്ങിയതും കൊട്ടാരസമാനമായ കെട്ടിടങ്ങൾ പണിതതും എന്തിനാണ്? ഐ.ജി.ഒ.യുടെ വളർച്ചക്ക് വേണ്ടി മാത്രമേ അദ്ദേഹം പ്രവർത്തിക്കു എന്നതിന് തെളിവാണ് ഈ പ്രസ്താവന.

കുമ്പനാട്ട് ഓഡിറ്റോറിയവും ഓഫീസ് കെട്ടിടവും അദ്ദേഹത്തിന്റെ പിതാവിന്റെ കാലത്ത് പണിതെന്നാണല്ലോ അവകാശവാദം. കുമ്പനാട്ടെ ഓഡിറ്റോറിയത്തിന് തറകെട്ടിയിട്ട് വർഷങ്ങൾ ഒരു കട്ടപോലും വയ്ക്കാതെ കിടക്കുന്നത് കണ്ട് മനസ് വിഷമിച്ച് ഞാൻ പാസ്റ്റർ ഉമ്മൻ ഏബ്രഹാമിന്റെ കയ്യിൽ 18 വർഷം മുമ്പ് ഒരു ലക്ഷംരൂപ കൊടുത്തു. അതു കിട്ടിയപ്പോൾ ഉമ്മൻ ഏബ്രഹാം (ടി.എസ്.ഏബ്രഹാമിന്റെ സഹോദരൻ) എന്നെ വിളിച്ചുകൊണ്ട് കുമ്പനാട്ടെ സ്റ്റേജിൽ കയറ്റി, ഈ കാര്യം അനൗൺസ് ചെയ്തു. അങ്ങനെ ഞാൻ പണം നൽകിയ സാക്ഷ്യം കേട്ട് പത്തുലക്ഷം രൂപയാണ് അന്ന് പിരിഞ്ഞുകിട്ടിയത്. അങ്ങനെയാണ് ഓഡിറ്റോറിയം പണിതത്. അതിന്റെ ക്രെഡിറ്റ് പാസ്റ്റർ വത്സൻ ഏറ്റെടുക്കുന്നതിന്റെ അർത്ഥമെന്താണ്? വത്സൻ ഏബ്രഹാമിന്റെ വാർഷിക വരുമാനത്തിന്റെ ആയിരത്തിലൊന്ന് ഐ.പി.സിക്ക് നൽകിയിരുന്നെങ്കിൽ അൻപത് ഓഡിറ്റോറിയം പണിയാൻ പറ്റുമായിരുന്നു എന്നോർക്കണം.

അതുപോലെതന്നെ ഓഫീസ് കോംപ്ലക്സ് ഞാൻ എന്റെ കുടുംബസ്വത്ത് കൈമാറ്റം ചെയ്ത് അഞ്ചു ലക്ഷം രൂപ കൊടുത്തതാണ് അതിന്റെ ആരംഭ സംഭാവന. തുടർന്ന് അമേരിക്കയിൽ രണ്ടുതവണ സന്ദർശനം നടത്തി. 65 ലക്ഷം രൂപ പിരിച്ച് കുമ്പനാട്ട് കൊണ്ടുവന്നു കൊടുത്തു.

എന്നെ സ്റ്റേറ്റ് കൗൺസിൽ നിർബ്ബന്ധിച്ച് ഹെബ്രോൻ ബൈബിൾ കോളജിന് ഫണ്ട് പിരിക്കാനായി അമേരിക്കയിൽ വിട്ടു. ഞാൻ അമേരിക്കയിൽ ചെന്നതിന് പിന്നാലെ അന്നത്തെ പ്രസിഡന്റായ പാസ്റ്റർ ടി.എസ്.ഏബ്രഹാം (വത്സന്റെ പിതാവ്) അമേരിക്കയിലെ സഭകൾക്കൊരു കത്തയച്ചു. കൗൺസിൽ ആരെയും ഫണ്ടു പിരിക്കുവാൻ അമേരിക്കക്ക് വിട്ടിട്ടില്ലെന്നും ആരും സംഭാവന കൊടുക്കരുതെന്നുമായിരുന്നു കത്തിന്റെ ഉള്ളടക്കം. ഈ പ്രസ്ഥാനത്തിന് ഒരു പുരോഗതിയും ഉണ്ടാകരുതെന്ന് ചിന്തിക്കുന്നവർക്കല്ലേ അങ്ങനെ പ്രവർത്തിക്കുവാൻ സാധിക്കൂ. ഒടുവിൽ അതേ വർഷം പാസ്റ്റർ കെ.സി.ജോൺ പ്രസിഡന്റായപ്പോൾ അദ്ദേഹം എനിക്ക് ഓതറൈസേഷൻ ലറ്റർ തന്നു. അങ്ങനെയാണ് ഹെബ്രോൻ ബൈബിൾ കോളജിന് വേണ്ടി 22 ലക്ഷം രൂപ ഞാൻ പിരിച്ചു കൊടുത്തു. അതുകൊണ്ട് പണി പൂർത്തീകരിക്കാനാവാതെ വന്നപ്പോൾ ബഹുമാനപ്പെട്ട വർക്കി ഏബ്രഹാം കാച്ചാണത്താണ് പണം മുടക്കി അത് നിർമ്മിച്ചു നൽകിയത്. ഈ കാര്യത്തിൽ എന്ത് പങ്കാണ് പാസ്റ്റർ ടി.എസും മകൻ വത്സനും വഹിച്ചത്? എങ്ങനെയും പണി മുടക്കാനാണ് അവർ ശ്രമിച്ചത്. ഇതൊന്നും പറയാനും ജനത്തെ അറിയിക്കാനും ആരും തയ്യാറായില്ല എന്നതാണ് സത്യം. ഇക്കാലമത്രയും അധികാരത്തിലിരുന്നിട്ട് സഭയ്ക്ക് വേണ്ടി ഒന്നും ചെയ്യാത്തവർ ഇനിയെങ്കിലും സഭയെ സ്നേഹിക്കുക, സഭയ്ക്ക് വേണ്ടി നിലകൊള്ളുക.

പാസ്റ്റർ വത്സൻ ഏബ്രഹാമിന്റെ വല്യപ്പച്ചൻ പാസ്റ്റർ കെ.ഇ.ഏബ്രഹാം തനിക്ക് ലഭിച്ച മുഴുവൻ സംഭാവനകളും ഐ.പി.സി.പ്രസ്ഥാനത്തിന് നൽകി. ആ മാതൃക കൊച്ചുമകന് പിന്തുടരുവാൻ സാധിക്കുന്നില്ലല്ലോ എന്നതാണ് സങ്കടകരം. ഐ.പി.സി.യെ കാണിച്ച് വത്സൻ സ്വന്തമാക്കിയ സ്വത്ത് കെ.ഇ.ഏബ്രഹാമിനേപ്പോലെ ഐ.പി.സിക്ക് എഴുതിക്കൊടുക്കാമെങ്കിൽ ഇന്ന് ഞാൻ സ്ഥാനാർത്ഥിത്വം പിൻവലിക്കാം.

*? താങ്കൾ വസ്തു കൊടുത്ത് ഐ.പി.സിയെ സഹായിച്ചെന്ന് പറയുന്നു. ഇപ്പോഴും ആഞ്ഞിലിത്താനത്ത് താങ്കൾക്ക് വീടുണ്ടല്ലോ?*

ഞാൻ എന്റെ സ്വത്ത് ഐ.പി.സിക്ക് കൊടുത്തു എന്നറിഞ്ഞപ്പോൾ ഒക്കലഹോമ ഐ.പി.സി.സഭയുടെ സീനിയർ പാസ്റ്ററും എന്റെ നാട്ടുകാരനുമായ ഡോ.ജോൺ വർഗീസ് (പ്ലാന്തോട്ടത്തിൽ രാജൻ) 14,500 ഡോളർ മുടക്കി ആ വസ്തു തിരിച്ചെടുത്ത് എന്റെ ഭാര്യക്കും മകൾക്കും വേണ്ടി എഴുതിയിരിക്കുകയാണ്. എന്റെ പേരിൽ തന്നാൽ ഞാനത് വീണ്ടും വിറ്റേക്കുമെന്ന് ഭയന്നാണ് അവർ അങ്ങനെ ചെയ്തത്. ?

*? താങ്കൾ ജയിച്ചാൽ എന്താണ് പ്രവർത്തന പദ്ധതി?*

ഞാൻ ജയിക്കുന്നത് ഐ.പി.സി.യുടെ ചരിത്രത്തിൽ ഏറ്റവും വലിയ മാറ്റത്തിന് കാരണമാകുമെന്ന് എനിക്കുറപ്പുണ്ട്. സഭയുടെ ശുഷ്ക്കിച്ച ആത്മിയനിലവാരം മാറ്റി സഭയെ ആത്മിയമായി ഊർജ്ജസ്വലമാക്കുക എന്നതാണ് എന്റെ ദൗത്യം.

സഭ-അതിന്റെ ദൗത്യം തിരിച്ചറിഞ്ഞാൽ എല്ലാ മേഖലയിലും സഭ പുരോഗമിക്കും എന്നെനിക്കുറപ്പുണ്ട്.

അവഗണിക്കപ്പെട്ടും എതിർക്കപ്പെട്ടും കിടക്കുന്ന പാവപ്പെട്ട ദൈവദാസന്മാരെ ആദരിക്കുവാനും അവരുടെ ഉന്നമനത്തിനുമായി ഞാൻ പ്രതിജ്ഞാബദ്ധതയോടെ പ്രവർത്തിക്കും.

കുമ്പനാട്ടെ ഓഡിറ്റോറിയം, ഓഫീസ് കോംപ്ലക്സ്, ഗ്രൗണ്ട് എന്നിവ ആധുനികരീതിയിൽ നവീകരിക്കും.

ഓരോ സ്റ്റേറ്റിലും സന്ദർശനം നടത്തി നേതാക്കളേയും സഭയേയും ശക്തിപ്പെടുത്തും തുടങ്ങി ധാരാളം കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. ദൈവദാസന്മാരും, പ്രതിപുരുഷന്മാരും പ്രാർത്ഥനാപൂർവ്വം വന്ന് വോട്ടു ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

നമ്മുടെ സഭയ്ക്ക് ഒരു മാറ്റം ഉണ്ടാകണം. പ്രാർത്ഥിക്കുക സഹകരിക്കുക.

# ശാരോൻ സണ്ടേസ്കൂളിനു പുതിയ നേതൃത്വം


ഏബ്രഹാം മന്ദമരുതി


ജേക്കബ് ജോർജ്


കെ.തങ്കച്ചൻ


പി. സത്യൻ


റ്റി. തങ്കച്ചൻ

തിരുവല്ല: ശാരോൻ ഫെലോഷിപ്പ് സണ്ടേസ്കൂൾ അസോസിയേഷൻ ഡയറക്ടറായി പാസ്റ്റർ ഏബ്രഹാം മന്ദമരുതിയും ജനറൽ സെക്രട്ടറിയായി കെ.തങ്കച്ചനും, ട്രഷറാറായി പി.സത്യനും തിരഞ്ഞെടുക്കപ്പെട്ടു. മറ്റു ഭാരവാഹികൾ: പാസ്റ്റർ ജേക്കബ് ജോർജ് (അസോ.ഡയറക്ടർ), കെ.ഇ ജോർജുകുട്ടി (അസോ.സെക്രട്ടറി), റ്റി.തങ്കച്ചൻ (എക്സാം കൺട്രോളർ), റ്റി.പി ജോർജ് (പ്രോഗ്രാം കോർഡിനേറ്റർ), എബി ബേബി (ഓർഗനൈസർ), ഏരിയാ കോർഡിനേറ്റേഴ്സ്: പാസ്റ്റർമാരായ ബിജു ജോസഫ് (നോർത്ത്), ജോസ് ജോർജ് (സൗത്ത്), പി.ജെ ജോൺ (സെൻട്രൽ). അംഗങ്ങൾ: പാസ്റ്റർമാരായ റ്റി.എം വർഗീസ്, റോയി വർഗീസ്, ആർ ഫ്രാൻസിസ്, ബിജു പോൾ, സ്റ്റാൻലി സെബാസ്റ്റ്യൻ, ജോയി സി കൊച്ചാക്കൽ.

# ഭാരതപ്പുഴ കൺവൻഷൻ

ഒറ്റപ്പാലം: പ്രസിദ്ധമായ ഭാരതപ്പുഴ കൺവൻഷന്റെ 15-ാമത് സമ്മേളനം ഫെബ്രു.13-17 വരെ ഒറ്റപ്പാലം മണൽപ്പുറത്ത് നടക്കും. സുരേഷ് ബാബു, പാസ്റ്റർമാരായ കെ.എ ഏബ്രഹാം, കെ.ജോയി, ബാബു ചെറിയാൻ എന്നിവർ പ്രസംഗിക്കും. സ്റ്റീഫൻ ദേവസി, ബിനോയ് ചാക്കോ, പോൾ ബാബു എന്നിവർ സംഗീത ശുശ്രൂഷക്ക് നേതൃത്വം നൽകും. ബൈബിൾ സ്റ്റഡി, യുവജനസമ്മേളനം, സുവിശേഷറാലി തുടങ്ങിയവ കൺവൻഷന്റെ ഭാഗമായി നടക്കും. ഭാരതപ്പുഴ കൺവൻഷന്റെ ക്രമീകരണത്തിനായി പാസ്റ്റർമാരായ പി.ഡി ജേക്കബ് (രക്ഷാധികാരി), ഇ.പി വർഗീസ് (പ്രസിഡന്റ്), വി.സി തങ്കച്ചൻ, വിൽസൺ (വൈസ് പ്രസിഡന്റ്), പി.കെ ദേവസി (സെക്രട്ടറി), പി.കെ ജോൺസൺ, കെ.ഒ കുഞ്ഞുമോൻ (ജോയിന്റ് സെക്രട്ടറിമാർ), പി.സി ജോർജ് (ട്രഷറാർ), കെ.എം മാത്യു (ജോ. ട്രഷറാർ), എൽ.ജെസ്റ്റസ് (കോർഡിനേറ്റർ), സജി മത്തായി കാതേട്ട് (പ്രോഗ്രാം ), സാം കൊണ്ടാഴി, സാം ആനയടി (മീഡിയ കോർഡിനേറ്റേഴ്സ്) എന്നിവരടങ്ങുന്ന കമ്മറ്റിപ്രവർത്തിച്ചു വരുന്നു.

# ചോരവീണ മണ്ണിൽ സുവിശേഷക്കൊടി ഉയർത്താൻ ...



പാസ്റ്റർ കുര്യൻ ഈപ്പൻ ചർച്ച് ഓഫ് ഗോഡിന്റെ കണ്ണൂർ മുൻസിപ്പാലിറ്റിയിലെ ഏക സഭയുടെ ശുശ്രൂഷകനാണ്. കഴിഞ്ഞ നാലുവർഷത്തെ ത്യാഗപൂർണ്ണമായ പ്രവർത്തനത്തിലൂടെ 35ഓളം ആത്മാക്കളെ സ്വർഗ്ഗത്തിന് വേണ്ടി നേടിയ കർത്തൃഭൃത്യൻ. മറ്റുള്ളവരിൽ നിന്നും ഇദ്ദേഹത്തെ വ്യത്യസ്തനാക്കുന്നത്, ഇദ്ദേഹത്തിന്റെ രണ്ടു കാലുകൾക്കും സ്വാധീനമില്ല എന്നതാണ്. രണ്ടു വയസ്സുള്ളപ്പോൾ പോളിയോ ബാധിച്ച് രണ്ടു കാലുകളും തളർന്നുപോയി. ശരീരിക വൈകല്യത്തെ കൂസാതെ കഴിഞ്ഞ 14 വർഷമായി കഠിനാധ്വാനം ചെയ്യുകയാണിദ്ദേഹം.

ഇടുക്കി ജില്ലയിലെ കട്ടപ്പന കൊച്ചുചിറയമാലിൽ ഈപ്പൻ - മോളി ദമ്പതികളുടെ അഞ്ചു മക്കളിൽ നാലാമനാണ് കുര്യൻ ഈപ്പൻ. തന്റെ പിതാവ് ആ പ്രദേശത്തെ അറിയപ്പെടുന്ന ഒരു സി.പി.എം പ്രവർത്തനായിരുന്നു. പിതാവ് ഒരു മദ്യപാനി ആയിരുന്നതിനാൽ കുടുംബത്തിലെ അന്തരീക്ഷം പലപ്പോഴും സംഘർഷഭരിതമായിരുന്നു. നിരാശഭരിതമായ ജീവിതം നയിച്ചുകൊണ്ടിരിക്കുമ്പോൾ പാസ്റ്റർ എം.ജെ ദാനിയേൽ ദൈവവചനം പറഞ്ഞു. അതുകേട്ടാണ് രക്ഷാനുഭവത്തിലേക്ക് വന്നത്.

കാർപെന്ററായി ജോലി നോക്കുകയായിരുന്നു ആ നാളുകളിൽ. ജോലിക്കായി കാസർഗോഡ് ആയിരിക്കുമ്പോൾ സഹപ്രവർത്തകരും മദ്യപരായിരുന്നത് തന്നെ വേദനിപ്പിച്ചു. തിരിച്ച് കൊച്ചറയിൽ എത്തിയ താൻ വീണ്ടും ദൈവവചനത്തിന് ചെവി കൊടുക്കുകയും 1993-ൽ രക്ഷിക്കപ്പെടുകയും ചെയ്തു. 1993 ഒക്ടോബർ 10-ാം തീയതി പാസ്റ്റർ കെ.സി ജോണിന്റെ കൈക്കീഴിൽ സ്നാനമേറ്റു. കൊച്ചറ ചർച്ച് ഓഫ് ഗോഡ് സഭയിലായിരുന്നു സ്നാനശേഷം അംഗത്വമെടുത്തത്.

1996-1998 വർഷങ്ങളിൽ കീഴില്ലം ബൈബിൾ സെമിനാരിയിൽ നിന്നും ബി.റ്റിഎച്ച് പഠനം പൂർത്തിയാക്കി. ആദ്യ സഭാ ചാർജ് കണ്ണൂർ ജില്ലയിലെ ഇരുട്ടിക്കടുത്ത് മണിക്കടവിലായിരുന്നു. അഞ്ചുവർഷം അവിടെ ശുശ്രൂഷിച്ചശേഷം, പത്തനംതിട്ട കോന്നി പയ്യനാമൺ സഭയിലായിരുന്നു നാലു വർഷം. ഇപ്പോൾ നാലു വർഷമായി കണ്ണൂർ പട്ടണത്തിൽ പ്രവർത്തിക്കുന്നു. മനുഷ്യന്റെ ചോര വീണു ചുവന്ന കണ്ണൂരിന്റെ മണ്ണിൽ ദൈവസ്നേഹത്തിന്റെ വിത്ത് വിതച്ച് നൂറുമേനി കൊയ്യുവാനുള്ള നിശ്ചയദാർഢ്യത്തോടെയാണ് ഇദ്ദേഹം കണ്ണൂരിലെത്തിയത്. തന്റെ ബലഹീനതകളും പരിമിതികളും കാര്യമാക്കാതെ കർത്താവിന് വേണ്ടി അദ്ധ്വാനിക്കുവാൻ തയ്യാറായപ്പോൾ ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ തുടങ്ങി. സഭയെ ദൈവം അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു. മുപ്പത്തിയഞ്ച് വിശ്വാസികളുള്ള കൂട്ടായ്മയായി സഭ വളർന്നു. ഇപ്പോൾ ഒരു വാടക വീട്ടിൽ ആരാധന നടക്കുന്നു. സ്വന്തമായ സ്ഥലവും ഹാളും വേണം എന്നാഗ്രഹിച്ച് ഇവർ ദൈവസന്നിധിയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. കത്തോലിക്ക പശ്ചാത്തലമുള്ള തന്റെ കുടുംബത്തിൽ നിന്നും മാതാവും ഒരു ജ്യേഷ്ഠനും വിശ്വാസത്തിലേക്ക് വന്നു. അവർ കൊച്ചറ ചർച്ച് ഓഫ് ഗോഡ് സഭാംഗങ്ങളാണ്. ഇദ്ദേഹത്തിന്റെ ഭാര്യ ബൻസി. ഈ ദമ്പതികൾക്ക് നാലു മക്കൾ: അക്സാ (10), ഹെപ്സിബ (8), നെഹമി (5), ബെസലേൻ (3), ഫോൺ: 9446912299


## ടീച്ചേഴ്സിനെ ആവശ്യമുണ്ട്

വാരണാസിയിൽ ക്രിസ്തീയ മിഷണറിമാരാൽ നടത്തപ്പെടുന്ന സ്കൂളിലേക്ക് (5-ാം ക്ലാസ് വരെ) ടീച്ചേഴ്സിനെ ആവശ്യമുണ്ട്. +2 മുതൽ യോഗ്യത ഉള്ളവർക്ക് അപേക്ഷിക്കാം. ഇന്റർവ്യൂ ഫെബ്രുവരി 13-ാം തീയതി തിരുവല്ലയിൽ.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക

**9745639988, 8592019018**

## പെർത്ത് റിവൈവൽ ചർച്ച്
## (Perth Revival Church)



P O BOX. 217, Cannington, Western Australia - 6107.
Reg. No. A1014094B
പരിശുദ്ധാത്മ നിറവിലുള്ള ആരാധനയും
ആഴത്തിലുള്ള ദൈവ വചന ശുശ്രൂഷയും
കൃപാവര ശുശ്രൂഷയും ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക

Worship Details

| Sunday Malayalam/English Service | Sunday Hindi/English Worship Service |
|---|---|
| **Sunday School:** 9:30am – 10: 30am<br>**Worship Time:** 10:30am – 12:30 pm<br>**Venue:** Riverside Community School Auditorium<br>27 Colombo Street, Victoria Park, Western Australia. 6100. | **Time:** 5:00 pm - 7:00 pm<br>**Venue:** 2nd Memorial Avenue, Harold Hawthorne Centre, Carlisle, WA 6101. |

Friday Cottage Meeting from **7:30pm – 9:00 pm** (at different believer's homes)
**Website:** www.prcau.org
**Contact: Pr. James John (+61421152228, +61861616093)**

## "I don't want to go to hell, SAVE ME PLEASE!!!"



Can you hear that cry? Are you ready to save them?
If so, we can help

If you are young man...
If you have a Bachelor degree in Theology...
If you have a definite call for the Christian Ministry...
If you have a heart for the perishing souls...
If you are ready to take new challenges...
If you have a heart for the street children in Mumbai...
If you can adjust with the new cultural settings...
If you have great patience to work in new fields...

...then join to the soul rescue mission West India

The training program will commence on the last week of June.
Give us a call and enroll in the new batch
Fellowship Ashram Church of India's

## KONKAN MUMBAI MISSION

A701 Neel Sidhi Garden, Takka, panvel, Raigad, Maharashtra 410 206
E-mail: konkanmumbaimission@gmail.com

Please contact: Pastor Saji Mathew 992 531 0969
Pastor Thomas George Mullackal 869 197 1545



ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുവാൻ
മധ്യതിരുവിതാംകൂറിന്റെ ഹൃദയഭാഗമായ തിരുവല്ലായിൽ ഒരു പ്രാർത്ഥനാലയം

## IPC പ്രെയർ സെന്റർ ചർച്ച്

IPC Prayer Centre
ജോസീസ് ജംഗ്ഷൻ, പുഷ്പഗിരി റോഡ്, മഞ്ഞാടി, തിരുവല്ല

**ആരാധന**
എല്ലാ ഞായറാഴ്ചയും
രാവിലെ 8 മുതൽ 11.30 വരെ
**പ്രാർത്ഥന**
എല്ലാ വെള്ളിയാഴ്ചയും
10.30 മുതൽ 1 മണിവരെ

പാസ്റ്റർ രാജു പൂവക്കാല
IPC പ്രെയർ സെന്റർ
ഫോൺ: 9847032151, 0469-2693249, 9744343051
E-mail: prayercentretvla@gmail.com
rajupoovakala@gmail.com



www.facebook.com/groups/prayercentrethiruvalla

## വോട്ടെണ്ണൽ ലോകം ലൈവായി കണ്ടു

കുമ്പനാട്: വോട്ടെണ്ണൽ ലൈവായി പ്രക്ഷേപണം ചെയ്തുകൊണ്ട് ഐ.പി.സി.ചരിത്രം കുറിച്ചു. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയിലെ പൊതുതിരഞ്ഞെടുപ്പുകളിൽ പോലും ഇതുവരെ നടത്താത്ത പരീക്ഷണമാണിത്. പൊതുതിരഞ്ഞെടുപ്പുകളിൽ ഇലക്ഷൻ കമ്മീഷന്റെ വെബ്സൈറ്റിൽ ഫലത്തിന്റെ അപ്പഴപ്പോഴുള്ള വിവരങ്ങൾ പ്രസിദ്ധീകരിക്കുമെന്നതിനപ്പുറത്തേക്ക് ലൈവ് സ്ട്രീമിംഗ് നടന്നിട്ടില്ല.

ടെക്നോളജിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി വോട്ടെണ്ണൽ സംബന്ധിച്ച പരാതികൾ ഒഴിവാക്കാൻ ചീഫ് ഇലക്ഷൻ കമ്മീഷണർ ജി.ഐസക് തീരുമാനിക്കുകയായിരുന്നു. ലോകമെങ്ങുമുള്ള മലയാളി പെന്തെക്കോസ്തർ കമ്പ്യൂട്ടറുകൾക്ക് മുമ്പിൽ കുമ്പനാട്ടെ ആവേശക്കാഴ്ചകൾക്ക് സാക്ഷ്യം വഹിച്ചു. വോട്ടെണ്ണലിനെത്തുടർന്ന് നടന്ന അധികാരമേറ്റെടുക്കൽച്ചടങ്ങും ലൈവ് സ്ട്രീമിംഗിലൂടെ ലോകമെങ്ങും കണ്ടു.

## സെന്റർ കൺവൻഷൻ

നേര്യമംഗലം: ഐ.പി.സി നേര്യമംഗലം സെന്റർ കൺവൻഷൻ പോത്താനിക്കാട് ഇരുമ്പായിൽ ഓഡിറ്റോറിയത്തിൽ ജനുവരി 22-27 വരെ നടന്നു. പാസ്റ്റർമാരായ റ്റി.എ തമ്പി, ഫിലിപ്പ് പി തോമസ്, സണ്ണി കുര്യൻ, എം.പി ജോർജ്കുട്ടി, കെ.ജോയി, പി.ഐ ഏബ്രഹാം (കാനം അച്ചൻ), തോമസ് മുല്ലക്കൽ എന്നിവർ പ്രസംഗിച്ചു. പകൽ മീറ്റിംഗുകളിൽ പാസ്റ്റർ പോൾ രാജ്, സിസ്റ്റർ സൂസൻ ഏബ്രഹാം, പാസ്റ്റർ ജോസഫ് ചാക്കോ, സാമുവൽ മത്തായി എന്നിവർ പ്രസംഗിച്ചു.

## മലയാളത്തിലും ഇംഗ്ലീഷിലും 119-ാം സങ്കീർത്തനം മനഃപ്പാഠമാക്കിയ പതിനൊന്നുകാരൻ



കുണ്ടറ: മലയാളത്തിലും ഇംഗ്ലീഷിലും 119 -ാം സങ്കീർത്തനം മനഃപ്പാഠമായി പറഞ്ഞ് ബെൻ ശാലോം ആൽബർട്ട് (11) ശ്രദ്ധേയനായി. തേവലക്കര ഐ.പി.സി സഭാശുശ്രൂഷകൻ പാസ്റ്റർ ആൽബർട്ട് ജോർജ്-മോനിക്ക ദമ്പതികളുടെ ഇളയ മകനാണ് ആറാം ക്ലാസുകാരനായ ബെൻ ശാലോം ആൽബർട്ട്. ഐ.പി.സി കുണ്ടറ സെന്റർ കൺവൻഷനിൽ സണ്ടേസ്കൂൾ, പി.വൈ.പി.എം സംയുക്ത മീറ്റിംഗിലാണ് ഇംഗ്ലീഷിൽ മനഃപാഠം ചൊല്ലിയത്.

## ഡോക്ടറേറ്റ് ലഭിച്ചു



ചണ്ഡീഗഢ്: കല്ലുമല ചർച്ച് ഓഫ് ഗോഡ് സഭാംഗമായ മാവേലിക്കര പുതിയകാവ് മുളക്കൽ പീസ് വില്ലയിൽ സിസ്റ്റർ ലിനി മാത്യുവിന് ചണ്ഢീഗഢിലെ പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് ലഭിച്ചു. ഇലക്ട്രിക്കൽ എൻജിനിയറിംഗിൽ അവതരിപ്പിച്ച പ്രബന്ധത്തിനാണ് ഡോക്ടറേറ്റ് ലഭിച്ചിരിക്കുന്നത്. 26 വർഷമായി ചണ്ഢീഗഢിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്ക്നിക്കൽ ടീച്ചേഴ്സ് ട്രെയ്നിംഗ് & റിസേർച്ചിൽ അസോസിയേറ്റ് പ്രൊഫസറായിട്ട് സേവനം അനുഷ്ഠിക്കുന്നു. തിരുവല്ല കുറ്റപ്പുഴ ചെമ്പനാൽ പരേതനായ സി.സി മാമ്മന്റെയും, അമ്മിണി മാമ്മന്റെയും മകളും, കല്ലുമല സാംകുട്ടിയുടെ ഭാര്യയുമാണ്.

## ഡോക്ടറേറ്റ് ലഭിച്ചു



റവ. റെജി. പി. രാജന് ഡോക്ടറേറ്റ് ലഭിച്ചു. ഇ.എം.ഇ.റ്റി.ഇന്റർനാഷണൽ ട്രൂത്ത് യൂണിവേഴ്സിറ്റിയിൽ നിന്ന് പിതാവായ ദൈവത്തിന്റെ സർവ്വശക്തിത്വം, സർവ്വജ്ഞാനം, സർവ്വവ്യാപിത്വം എന്ന വിഷയത്തിൽ തിയോളജിയിൽ ഡോക്ടറേറ്റ് ലഭിച്ചു. പ്ലാംകൂട്ടത്തിൽ പരേതനായ രാജൻ പി.ജോർജ്ജിന്റെയും റാഹേലമ്മ രാജന്റെയും മകനാണ്. ഭാര്യ ബാബി (യു.എസ്.എ.)

21st കരിസ്മാ
ഐ.പി.സി പ്രെയർ സെന്റർ തിരുവല്ല
ക്രൂസേഡ് –2013

പ്രെയർ സെന്റർ സ്റ്റേഡിയം, തിരുവല്ല (ജോസീസ് ജംഗ്ഷൻ, റെയിൽവേ ക്രോസിന് സമീപം)
2013 ഫെബ്രുവരി 3 ഞായർ മുതൽ 10 ഞായർ വരെ
രാവിലെ 10 മണി, വൈകിട്ട് 6 മണി

ഉദ്ഘാടന ആരാധന: ഫെബ്രുവരി 3 ഞായർ രാവിലെ 8 മണി
ഉദ്ഘാടനം : പാസ്റ്റർ രാജു പൂവക്കാല (ഐ.പി.സി. സ്റ്റേറ്റ് വൈസ് പ്രസിഡന്റ്)
മുഖ്യപ്രസംഗകൻ: ഡോ. മാത്യു ജോർജ് MD (ബഹറിൻ)

പ്രസംഗകർ



റവ. ഡോ. കെ.സി. ജോൺ | പാസ്റ്റർ ബാബു ചെറിയാൻ | പാസ്റ്റർ ബെൻസൺ മത്തായി | പാസ്റ്റർ റ്റി.ഡി. ബാബു | പാസ്റ്റർ പി.സി. ചെറിയാൻ | പാസ്റ്റർ കെ. ജോയി | പാസ്റ്റർ രാജു പൂവക്കാല

മറ്റു പ്രസംഗകർ: പാസ്റ്റർ ബിനു ജോസ് ചാക്കോ (കൊല്ലം), പാസ്റ്റർ ബ്ലസൻ ചെറിയനാട്, പാസ്റ്റർ വർഗീസ് ബേബി, സിസ്റ്റർ ശ്രീലേഖ, സിസ്റ്റർ സൂസൻ തോമസ്

- ഉപവാസ ഉണർവ്വ് യോഗങ്ങൾ
- ആത്മനിറവിലുള്ള ആരാധന
- അനുഗ്രഹീത ഗാനശുശ്രൂഷ
- ശക്തമായ വചന ശുശ്രൂഷ
- കൗൺസിലിംഗ്
- രോഗശാന്തി പ്രാർത്ഥന

യോഗാനന്തരം വാഹന സൗകര്യം ഉണ്ടായിരിക്കുന്നതാണ്.
ഏവർക്കും സ്വാഗതം

സംഗീതം
പ്രെയർ സെന്റർ വോയ്സ്
എറിക് മസ്സി &
ടീം പഞ്ചാബ്



Pr.Raju Poovakkala : 9847032151 Mr.Abraham Mathews Kaveri (Secretary) : 9447030065

INTERNATIONAL GROUP - THIRUVALLA
Walk into the Freedom of Luxury Living



INTERNATIONAL Garden Villa
Pullad, Thiruvalla
Our 7th ongoing FLAT PROJECT
International Garden View - Thiruvalla

- Gated Community Living
- Club House
- Children's Play Area
- 7m & 5m Wide Road
- Ample Car Parking Area
- Under Ground Cable

For more Details & Booking
Realtrust Builders India (P) Ltd.
(A Sister Concern of International Group)
International Tourist Complex, Pushpagiri Road, Thiruvalla - 689 101
Ph : 0469 - 2600836, 9847054147 Fax : 0469 - 2604271.
E-mail : realtrustgroup@gmail.com Website : www.realtrust.in

Fly with INTERNATIONAL



Our Services :
- Domestic & International Ticketing
- All Types of Visa Processing & Stamping
- Certificate Attestation
- Passport Assistance
- Tour Package & Hotel Booking
- Pilgrim tour to The Holyland (Jordan, Israel, Egypt)

Authorised Agents of : IATA IAAI

International Tours & Travels
Marthoma Buildings, S.C.S. Jn., Tiruvalla - 689 101, Kerala
Ph : 91 - 469 - 2630255, 2631005 / 006, Fax : 91- 469 - 2604271
E-mail : jerrysjacob@yahoo.com

# ഐ.പി.സി. തിയോളജിക്കൽ സെമിനാരി ഒരുക്കുന്ന

## LEAD Institute 2013

വിശ്വാസജീവിതത്തെ പരിപോഷിപ്പിക്കുന്ന ഒരാഴ്ചത്തെ ദൈവവചന ധ്യാനവും പഠനവും

സ്ഥലം :- ഐ. പി. സി. തിയോളജിക്കൽ സെമിനാരി കാമ്പസ്, മാങ്ങാനം, കോട്ടയം

സമയം :- 2013 മാർച്ച് 4 മുതൽ 9 വരെ

രാവിലെ 9 മുതൽ വൈകുന്നേരം 5 മണി വരെ

പാസ്റ്റർമാർ, സഭാപ്രവർത്തകർ, സണ്ടേസ്കൂൾ അദ്ധ്യാപകർ, ബൈബിൾ സ്കൂൾ വിദ്യാർത്ഥികൾ മുതലായവർക്ക് പ്രവേശനം

| ക്ലാസ്സുകൾ നയിക്കുന്നവർ | | വിഷയം |
|---|---|---|
| ഇവാ. സാജു മാത്യൂ | – | ക്രിസ്തീയ ശിഷ്യത്വവും സാക്ഷ്യവും |
| ഡോ. ഇടിച്ചെറിയ നൈനാൻ | – | ക്രിസ്തീയസഭയും ശുശ്രൂഷയും പൗലോസിന്റെ വീക്ഷണത്തിൽ |
| ഡോ. പി. യു. പോൾസൺ | – | ദൈവവചന വ്യാഖ്യാനവും പ്രസംഗകലയും |
| ഡോ. ഐസക്ക് വി. മാത്യൂ | – | കുടുംബഭദ്രതയും കൗൺസലിംഗും |
| റവ. കെ. ജെ. മാത്യൂ | – | ക്രൈസ്തവസഭ ചരിത്രവെളിച്ചത്തിൽ |
| റവ. ജോർജ് ചെറിയാൻ | – | ദൈവസഭയുടെ ദൗത്യ നിർവഹണം |

ആദ്യം രജിസ്റ്റർ ചെയ്യുന്ന 150 പേർക്ക് പ്രവേശനം

രജിസ്ട്രേഷൻ ഫീസ് ₹ 500/-

ആവശ്യമുള്ളവർക്ക് താമസസൗകര്യം ലഭ്യമാണ്

വിശദവിവരങ്ങൾക്ക് **I.P.C. Theological Seminary Kottayam**
P.O. Box No. 3, Puthuppally P.O., Kottayam - 686 011
Tel: 0481-2351774, 9847051665, 9526224041
E-mail : ipctsk@gmail.com





15-ാം മത്

# ഭാരതപ്പുഴ കൺവൻഷൻ ഒറ്റപ്പാലം

experience JESUS
transform yourself

## ബൈബിൾ കൺവൻഷൻ ഭാരതപ്പുഴ മണൽപ്പുറത്ത്

| 2013 ഫെബ്രുവരി | | | | |
|---|---|---|---|---|
| 13 | 14 | 15 | 16 | 17 |
| ബുധൻ | വ്യാഴം | വെള്ളി | ശനി | ഞായർ |

വൈകുന്നേരം 5.30 മുതൽ

ഫെബ്രുവരി 17 ന് ഞായർ 3.30 ന് യൂത്ത് മീറ്റിംഗ് ഒറ്റപ്പാലം ഐ.പി.സി. ഹാളിൽ നടക്കും

പ്രസംഗകർ

- പാസ്റ്റർ കെ.ജോയി (ന്യൂ ഡെൽഹി)
- പാസ്റ്റർ ബാബു ചെറിയാൻ (പിറവം)
- പാസ്റ്റർ കെ.എ. എബ്രഹാം (തിരുവല്ല)
- ബ്രദർ സുരേഷ് ബാബു (തിരുവനന്തപുരം)

ഏവർക്കും സ്വാഗതം



സംഗീതം

സ്റ്റീഫൻ ദേവസി, ബിനോയ് ചാക്കോ & ഇവാ. പോൾബാബു നയിക്കുന്ന ഇമ്മാനുവേൽ വോയ്സ്-കുന്നംകുളം



കൂടുതൽ വിവരങ്ങൾക്ക്
9847133393, 9744972327

പാസ്റ്റർ ഇ.പി. വർഗ്ഗീസ് പ്രസിഡന്റ് | ബ്രദർ പി.കെ. ദേവസി (ബേബി) സെക്രട്ടറി | ബ്രദർ പി.സി. ജോർജ്ജ് ട്രഷറർ | പാസ്റ്റർ വി. ജയരാജ്, ബിജുതടത്തിവിള പബ്ളിസിറ്റി കൺവീനേഴ്സ്

Designed By Pr. Sam P.P.

# ഡിസ്ട്രിക്ട് കൺവൻഷൻ

ചെങ്ങന്നൂർ: ശാരോൻ ഫെലോഷിപ്പ് ചർച്ച് ചെങ്ങന്നൂർ ഡിസ്ട്രിക്ട് കൺവൻഷൻ ഫെബ്രുവരി 6–10 വരെ കിടങ്ങന്നൂർ ചാരിറ്റി ചിൽഡ്രൻസ് ഹോം ഗ്രൗണ്ടിൽ നടക്കും. റവ.റ്റി.ജി.കോശി, പാസ്റ്റർ ജേക്കബ് ജോർജ്ജ്, അജി തോമസ്, തിമൊഥി ചന്ദ്രൻ, പി.റ്റി.തോമസ്, പോൾ ഗോപാലകൃഷ്ണൻ എന്നിവർ പ്രസംഗിക്കും. പാസ്റ്റർമാരായ റോയ് വർഗീസ്, കെ.പി.ശാമുവേൽ എന്നിവർ നേതൃത്വം നൽകും.

## പ്രാർത്ഥന സഹായത്തിന്



9072888100
8893999100
8893222100
8590555100

**24 HRS 365 DAYS**

PR.JOHNKUTTY TRISSUR
News Reporter, Hallelujah




● **തിരുവനന്തപുരം:** മാർച്ച് 2: **നെടുമങ്ങാട്** **ഗ്ലെയ്സൺ 9497468808** മാർച്ച് 9: സി.എസ്സ്.ഐ.എസ്സ്.എസ്സ് കോപ്ലക്സ് **വെള്ളറട** **അനിൽ രാജ് 9846553353** മാർച്ച് 15,16 ജെ.എം.എം. സ്റ്റഡി സെന്റർ, **മണ്ണന്തല** **പാ. ജോർജ്ജ് 9447699816** മാർച്ച് 22,23ഗ്ലോബൽ പാഷൻ സെന്റർ **അമരവിള** **പാ, സുനിൽ കുമാർ 9446319389** ● **കൊല്ലം:** മാർച്ച് 2ടൗൺ ശാരോൻ ചർച്ച്, **പുനലൂർ** **പാ. ജോസ് ജോർജ്ജ് 9744351755** മാർച്ച് 9: കെ.റ്റി.എസ്., **കൊട്ടാരക്കര** **പാ. എബി ബേബി 9447331348** മാർച്ച് 16: **കൊല്ലം** **ജോൺസൺ കെ 9446836803** ● **പത്തനംതിട്ട:** മാർച്ച് 23: ശാരോൻ, **തിരുവല്ല** **ഷിജോ ഏബ്രഹാം07299001390** മാർച്ച് 16: ടൗൺ ശാരോൻ, **അടൂർ** ടൈറ്റസ് **മത്തായി 8089487638** ഫെബ്രു. 23ന്യൂ ഇന്ത്യാ ചർച്ച്, പള്ളിഭാഗം **റാന്നി** **റിജു എം കുര്യൻ 9961751417** ● **ആലപ്പുഴ:** ഫെബ്രു. 16 **മാവേലിക്കര** **പാ. സജി ഏബ്രഹാം 9946971204** ● **കോട്ടയം:** മാർച്ച് 2 ശാരോൻ ചർച്ച്, **വാഴൂർ** **റ്റി.പി. ജോർജ്ജ് 9447946269** ഫെബ്രു.16 എ.ജി.സെന്ററൽ ചർച്ച്, **നാഗമ്പടം** **സിസ്റ്റർ അനു സോമി 9744720447** ● **ഇടുക്കി:** ഫെബ്രു. 23 ടൗൺ ശാരോൻ, **കട്ടപ്പന** **പാ. ബിജു ഏബ്രഹാം 9447980655** മാർച്ച് 9: ടൗൺ ശാരോൻ, **അടിമാലി** **പാ. പി. വി. സജി 9447826904** ● **എറണാകുളം:** മാർച്ച് 15,16 ബഥേൽ ശാരോൻ **പാലാരിവട്ടം** **പാ. ജോൺസൻ 9446107026** മാർച്ച് 23 ടൗൺ ശാരോൻ ചർച്ച്, **പെരുമ്പാവൂർ** **പാ. ഷാജി സെബാസ്റ്റ്യൻ 9946531714** ● **തൃശൂർ** ഫെബ്രു. 23ടൗൺ ചർച്ച് ഓഫ് ഗോഡ്, **തൃശൂർ** **പാ. ഷിജു ഈപ്പൻ 9495683102** ● **പാലക്കാട്:** മാർച്ച് 19എ. ജി. ചർച്ച്, **മണ്ണാർക്കാട്,** **പാലക്കാട്. പാ. ഈശോ 9446725669** ● **മലപ്പുറം** : മാർച്ച് 2 ന്യൂ ഹോപ്പ് ബൈബിൾ കോളജ് പാലുണ്ട, **നിലമ്പൂർ** **പാ. ബിജു വർഗ്ഗീസ് 9447781960.** ● **കോഴിക്കോട്:** മാർച്ച് 12 **താമരശ്ശേരി** **ബോബു ദാനിയേൽ 9349338846** ● **വയനാട്:** മാർച്ച് 13 ബഥേൽ ഗോസ്പൽ അസംബ്ലി, **സുൽത്താൻ ബത്തേരി:** **പാ. ഇ വർഗ്ഗീസ് 9961548941** ● **കണ്ണൂർ:** ഫെബ്രു. 18 എ.ജി. ചർച്ച്, **ശ്രീകണ്ഠാപുരം** **പാ. ജോഷി റ്റി.പി. 9846878319** ഫെബ്രു. 19 ന്യൂ ഇന്ത്യാ ചർച്ച്, **പയ്യന്നൂർ** **പാ. സാജൻ ഇ. 9961016946**, ഫെബ്രു. 20മൗണ്ട് പാരാൻ ബി.സി., **പരിയാരം** **പാ. ഉമ്മൻ ജോൺ 9446377908** ● **കാസർഗോഡ്:** ഫെബ്രു. 21 ഐ.പി.സി., **വെള്ളരിക്കുണ്ട്** **പാ. ജെയമോൻ 9745462943**

**കൂടുതൽ വിവരങ്ങൾക്ക് : 9656217909, 9745647909**

## എറണാകുളം സെന്റർ കൺവൻഷൻ

നെടുമ്പാശേരി: ഐ.പി.സി എറണാകുളം സെന്റർ കൺവൻഷൻ പാലാരിവട്ടം ഐ.പി.സി ഹൈവേ വർഷിപ്പ് സെന്ററിൽ നടന്നു. പാസ്റ്റർമാരായ കെ.സി ജോൺ, വൽസൻ ഏബ്രഹാം, എം.എസ് സാമുവൽ, സാം ജോർജ്, കെ.സി സാമുവൽ, ബ്രദർ കുര്യൻ ജോസഫ്, ഡോ.ജെസി ജെയ്സൻ എന്നിവർ പ്രസംഗിച്ചു. പബ്ലിസിറ്റി കൺവീനറായി പാസ്റ്റർ മത്തായി ഹാബേൽ പ്രവർത്തിച്ചു.

## മല്ലപ്പള്ളി സംയുക്ത കൺവൻഷൻ

മല്ലപ്പള്ളി: 10–ാമത് സംയുക്ത പെന്തെക്കോസ്ത് കൺവൻഷൻ ഫെബ്രുവരി 14 – 17 വരെ മല്ലപ്പള്ളി സുവാർത്താ സെന്ററിൽ നടക്കും. പാസ്റ്റർമാരായ പി.സി ചെറിയാൻ, ഒ.എം രാജുക്കുട്ടി, വർഗീസ് ഏബ്രഹാം, തോമസ് ഫിലിപ്പ് എന്നിവർ പ്രസംഗിക്കും. പാസ്റ്റർമാരായ റ്റി.വി പോത്തൻ, ഏബ്രഹാം ഫിലിപ്പ് എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മറ്റി പ്രവർത്തിച്ചു വരുന്നു.

## പെന്തെക്കോസ്ത് വിശ്വാസികളുടെ ശ്രദ്ധക്ക്

തിരുവല്ല, കുമ്പനാട് തുടങ്ങിയ ക്രിസ്തീയ ബുക്ക് സ്റ്റാളുകളിൽ നിന്നും ക്രിസ്തീയ ബുക്കുകൾ, സി.ഡികൾ, ബൈബിളുകൾ, വ്യാഖ്യാന ബുക്കുകൾ, പാട്ടു പുസ്തകങ്ങൾ, ബൈബിൾ കവറുകൾ തുടങ്ങിയവ ഭവനത്തിൽ എത്തിച്ചു കൊടുക്കുന്നു. എത്തിച്ച് കൊടുക്കുന്ന സാധനത്തിന്റെ വില കൂടാതെ 50 രൂപ കൂടി തന്നാൽ മതി. അതോടൊപ്പം ക്രിസ്തീയ പ്രസിദ്ധീകരണങ്ങളുടെ വരിസംഖ്യയും കളക്റ്റ് ചെയ്യുന്നു. പഴയ ബൈബിൾ ബൈന്റ് ചെയ്ത് കൊടുക്കുകയും ചെയ്യുന്നു. താല്പര്യമുള്ളവർ താഴെയുള്ള നമ്പറിൽ വിളിക്കുക.

**Shaji R**
**8943940357, 9526991057**

## ക്യാൻസർ പടരുന്നു 365 ദിവസവും പ്രാർത്ഥനയിൽ

**2013 ജനുവരി 1 മുതൽ തുടങ്ങി ഡിസംബർ 31 വരെ**



**കേരളത്തിലും, ആന്ധ്രായിലും, തമിഴ്നാട്ടിലും ക്യാൻസർ രോഗം പെരുകുന്നു. ദൈവനിയോഗത്തോടെ സുവി. ആൻഡ്രൂസ് .കെ. ജോർജ്ജ് (വെല്ലൂർ). നിങ്ങൾക്കും സഹകരിക്കാം. ദിവസവും 10 മിനിറ്റ് ക്യാൻസർ രോഗികൾക്കുവേണ്ടി മാത്രം പ്രാർത്ഥിച്ച് ഞങ്ങളോട് സഹകരിക്കുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക.**

**Evg. Andrews K. George**
**Ebenezer Home, CMC Katpadi Road,**
**No 2, IInd Cross, Viruthampeta P.O**
**Vellore T.N.,**
**Mob. 09626412571** വെല്ലൂർ
**9745952301** കേരളാ
**Email: pastorakgvellore@gmail.com**

## ഇൻഡിപെൻഡന്റ് പെന്തെക്കോസ്തൽ യുണൈറ്റഡ് ഫെലോഷിപ്പ്(IPUF)ന്റെ ആഭിമുഖ്യത്തിൽ

# ഓൾ കേരളാ പാസ്റ്റേഴ്സ് കോൺഫ്രൻസ് 2013

**സ്ഥലം: ഐ.സി.പി.എഫ് ക്യാമ്പ് സെന്റർ, മുട്ടുമൺ, കുമ്പനാട്**

**തീയതി: 2013 ഏപ്രിൽ 3,4,5 ബുധൻ, വ്യാഴം, വെള്ളി**

**രജിസ്ട്രേഷൻ 250 പേർക്കു മാത്രം**

**ഭക്ഷണം, താമസം, യാത്ര ചിലവ് നൽകുന്നതായിരിക്കും.**

**രജിസ്ട്രേഷൻ : 9847914486, 9447357260, 9544412537**

**പ്രോഗ്രാമിന് വേണ്ടി**
പാസ്റ്റർ പി.കെ.തോമസ് *(IPUF ചെയർമാൻ)*
പാസ്റ്റർ ജയ്സൺ ഉതുംകുഴിയിൽ *(പബ്ലിസിറ്റി)*

## WANTED TEACHERS

Olive Theological Institute invites application from candidates desiring to serve as Full Time Faculty.

**Qualification : MTh (ATA)**
**Stream : Mission, Ministry, Old Testament (ATA/Ser)**

Send biodata to: info@navajeevodayam.com
Call us at 09961351163

**OLIVE THEOLOGICAL INSTITUTE**
Navajeevodayam, Post Box No.16,
Tiruvalla - 689 101, Kerala,
Ph: 0469-2636041, 09961351163

# ADVANCE BOOKING STARTED 2013



**MBBS, BDS, PHARM.D. ENGG., BBA -AVIATION , SPEECH & HEARING RESPIRATORY THERAPY, RENAL DIALYSIS PERFUSION TECHNOLOGY POLY TECHNIC, PC BSC NURSING, MSC NURSING**

**ഇന്ത്യയിലെ പ്രശസ്തമായ കോളേജുകളിൽ വളരെ മിതമായ ഫീസിൽ അഡ്മിഷൻ ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും കരിയർ കൗൺസിലിംഗിനും അഡ്മിഷനും ബന്ധപ്പെടുക.**

**വിശ്വാസികളാൽ നടത്തപ്പെടുന്ന വിശ്വസ്ത സ്ഥാപനം.**

Call @ **9947963438 9847170530**

**CAREER EDUCATION**
WHERE EDUCATION HAS A NEW DIMENSION

1st Floor, Amprayil Bldgs,
YMCA Jn. THIRUVALLA
Ph: 0469-2620999, 2606002

## ഗുഡ്സമിരിറ്റിൻ സഹായ പദ്ധതി

**നിർധനരും ദീർഘവർഷങ്ങളായി ശയ്യാവലംബരും ആയിരിക്കുന്ന രോഗികൾക്ക് അപേക്ഷിക്കാം.**

മെഡിക്കൽ റിപ്പോർട്ട് (കോപ്പി) സഭാശുശ്രൂഷകന്റെയും ഡിസ്ട്രിക്റ്റ് പാസ്റ്ററുടെയും ശുപാർശക്കത്തോടെ താഴെക്കാണുന്ന വിലാസത്തിൽ മാർച്ച് 15നു മുമ്പ് അപേക്ഷകൾ അയയ്ക്കുക. തികച്ചും അർഹരായവരെ മാത്രം പരിഗണിക്കുന്നതാണ്.

Rev. Dr. Samuelkutty, PB No. 22337, Safat 13084, Kuwait

**ആത്മീയ ആരാധനയ്ക്കായി സ്വാഗതം**

**New India Church of God, Kuwait**

സത്യത്തിലും ആത്മാവിലും ഉള്ള പെന്തെക്കോസ്തു ആരാധനയ്ക്കായി ഞങ്ങൾ നിങ്ങളെ സ്വാഗതം ചെയ്യുന്നു.

**For further information**
**Rev. Dr. Samuelkutty, Mob: +965 94032081**
**Email: samuelkuttym611@gmail.com**
**Web: www.nicgkuwait.org**

# പെന്തെക്കോസ്ത് ഡയറക്ടറി ഗ്ലോബൽ

WORLD'S FIRST ONLINE PENTECOST DIRECTORY

**ഡയറക്ടറി – സൗജന്യം**

ക്ലാസിഫൈഡ് പരസ്യങ്ങൾ – 1 വർഷം 600 രൂപ മാത്രം
വിവാഹ പരസ്യങ്ങൾ 250/500 രൂപ മാത്രം 3 മാസത്തേക്ക്

കൂടുതൽ വിവരങ്ങൾക്ക്: Evg. Joy P
ഫോൺ: +91–475–2230926 മൊബൈൽ: +91–9447095128
Email: pentecostdirectory@gmail.com

സന്ദർശിക്കുക – www.pentecostdirectory.com



And they continued steadfastly in the apostles' doctrine and fellowship, in the breaking of bread, and in prayers. Acts 2: 42

# PERTH TABERNACLE CHURCH

(Incorporated under the Associations Incorporation Act, Western Australia)

**1 Catherine Street Bedford, WA 6052 Australia**

***To the new migrants and students moving to Perth, Western Australia for their better future***

Perth Tabernacle Church invites you to worship our Lord in truth and spirit. Come, experience God's presence, and let His power work in your life. Come and meet people who will care and pray for you. You will find people who love Jesus. You will find hope and healing in Jesus. We are sure that you will enjoy the lively and Spirit filled worship.

Perth Tabernacle Church is a full gospel Indian Christian Church, preciously holding the Pentecostal faith. Our worship is in Malayalam and English, while accommodating the other language groups from India.

For further details contact us

**Br. Rejimon Oonnoonni-0061 - 432766822 (Pastor)**
**Br. Varughese Philip K. - 0061 - 423497119**


## കൺവൻഷൻ

കുറവിലങ്ങാട്: കുറവിലങ്ങാട് ഏരിയ കൺവൻഷൻ ജനുവരി 24–27 വരെ മട്ടുചിറ ജംഗ്ഷനിൽ നടന്നു. പാസ്റ്റർ സുരേഷ് കീഴൂർ ഉദ്ഘാടനം ചെയ്ത യോഗങ്ങളിൽ പാസ്റ്റർമാരായ ഫിലിപ്പ് പി തോമസ്, എം.പി ജോർജ്കുട്ടി, തങ്കച്ചൻ പി.കെ, സാം ജോർജ്, ജോൺ സാമുവൽ, സിനോജ് എന്നിവർ പ്രസംഗിച്ചു.

## ഐ.പി.സി റാന്നി വെസ്റ്റ് സെന്റർ കൺവൻഷൻ

റാന്നി: ഐ.പി.സി റാന്നി വെസ്റ്റ് സെന്റർ 89–ാമത് കൺവൻഷൻ ഫെബ്രു.5 –10 വരെ റാന്നി ഇട്ടിയപ്പാറ വളയനാട് ആഡിറ്റോറിയത്തിൽ നടക്കും പാസ്റ്റർമാരായ കെ.കെ ചെറിയാൻ, തോമസ് മാമ്മൻ, വർഗീസ് ഏബ്രാഹം, ഡോ.ബാബു ജോൺ തുടങ്ങിയവർ പ്രസംഗിക്കും.

## ഐ.പി.സി കട്ടപ്പന ഡിസ്ട്രിക്റ്റ് കൺവൻഷൻ

കട്ടപ്പന: ഐ.പി.സി കട്ടപ്പന ഡിസ്ട്രിക്റ്റ് സിൽവർ ജൂബിലി കൺവൻഷൻ ഫെബ്രു. 13–17 വരെ കട്ടപ്പന ടൗൺ ഹാളിൽ നടക്കും. പാസ്റ്റർ എം.ടി തോമസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ ഡോ.കെ.സി ജോൺ, കെ.സി തോമസ്, സാം ജോർജ്, ജേക്കബ് ജോർജ്, രാജു പൂവക്കാല, എം.പി ജോർജ്കുട്ടി, ടി.ഡി ബാബു, പ്രൊഫ.കെ.കെ ജോസഫ് എന്നിവർ പ്രസംഗിക്കും. മിസ്പാ വോയ്സ് തൃശ്ശൂർ ഗാനശുശ്രൂഷ നിർവ്വഹിക്കും.

## പീച്ചി കൺവൻഷൻ

പീച്ചി: ഐ.പി.സി പീച്ചി സെന്റർ കൺവൻഷൻ ഫെബ്രു.6–10 വരെ ആൽപ്പാറയിൽ നടക്കും. പാസ്റ്റർമാരായ വർഗീസ് ഏബ്രഹാം, തോമസ് ഫിലിപ്പ്, പി.സി ചെറിയാൻ, കെ.സി തോമസ്, ഫിലപ്പ് പി തോമസ് എന്നിവർ പ്രസംഗിക്കും.

# യാത്രയായി

### ഇ.എം ജോണി



പാലക്കാട്: ഐ.പി.സി ധോണി സഭാംഗം ഇടപ്പറമ്പിൽ ഇ.എം ജോണി നിര്യാതനായി. ധോണി ഐ.പി.സി സെമിത്തേരിയിൽ സംസ്കാരം നടത്തി. സംസ്കാരശുശ്രൂഷ പാസ്റ്റർ സാം ദാനിയേൽ നേതൃത്വം നൽകി. ഭവനത്തിൽ നടന്ന ശുശ്രൂഷയ്ക്ക് പാസ്റ്റർ ചാക്കോ ദേവസ്യ നേതൃത്വം നൽകി. ഭാര്യ ജെസി. മക്കൾ: ജുബിൻ, ജിതിൻ.

### അമ്മിണി തോമസ്



കോന്നി: കിഴവള്ളൂർ മേലൂട്ട് പുത്തൻവീട്ടിൽ എം.എം തോമസിന്റെ (കുഞ്ഞുമോൻ) ഭാര്യ അമ്മിണി തോമസ് (62) ഡിസം.28ന് നിര്യാതയായി. സംസ്ക്കാരം ആമക്കുന്ന് അതുല്യ ചർച്ച് ഓഫ് ഗോഡ് സെമിത്തേരിയിൽ നടന്നു. പരേത കോന്നി നാടുകാണി പാറക്കാമണ്ണിൽ കുടുംബാംഗമാണ്. മക്കൾ: പാസ്റ്റർ റിൻസൺ എം തോമസ് & മിനു റിൻസൺ (ഐ.പി.സി ഹെബ്രോൻ, മേപ്രാൽ), റിൻസി ഷാജി & പാസ്റ്റർ ഷാജി ഡാനിയേൽ, റിനി ചാർളി & ചാർളി ഡാനിയേൽ.

### മറിയാമ്മ സോമൻ (57)



പാലക്കാട്: ഐ.പി.സി പാലക്കാട് നോർത്ത് സെന്ററിലെ കള്ളമല സഭാ ശുശ്രൂഷകൻ പാസ്റ്റർ വി.കെ സോമന്റെ ഭാര്യ മറിയാമ്മ സോമൻ (57) ഡിസം.24ന് നിര്യാതയായി. സംസ്കാരം പാസ്റ്റർ പി.യു ബെന്നിയുടെ നേതൃത്വത്തിൽ മൈലംപുള്ളി സെമിത്തേരിയിൽ നടന്നു. വാകത്താനം കുന്നേൽ കുടുംബാംഗമാണ്. മക്കൾ: സൈമൺ, സാംസൺ.

## ഐ.പി.സി തിയോളജിക്കൽ സെമിനാരി ഗ്രാഡുവേഷൻ സർവീസ്

കോട്ടയം: ഐ.പി.സി തിയോളജിക്കൽ സെമിനാരിയുടെ പത്താമത് ഗ്രാഡുവേഷൻ സർവീസ് ഫെബ്രു.15ന് 4 മണിക്ക് സെമിനാരിയിൽ നടക്കും. വേൾഡ് വിഷൻ നാഷണൽ ഡയറക്ടർ ഡോ.ജപകുമാർ ക്രിസ്റ്റ്യൻ (മദ്രാസ്) സമ്മേളനത്തിൽ മുഖ്യസന്ദേശം നൽകും. ബി.റ്റി.എച്ച്, എം.ഡിവ്, റെഗുലർ & ഡിസ്റ്റൻസ് വിഭാഗങ്ങളിലായി പഠനം പൂർത്തീകരിച്ച 52 വിദ്യാർത്ഥികൾക്ക് പ്രിൻസിപ്പാൾ റവ.എബി പീറ്റർ സർട്ടിഫിക്കറ്റുകൾ നൽകും. ഗ്രാജുവേഷന് ശേഷം സെമിനാരി വിദ്യാർത്ഥികളെ വടക്കെ ഇന്ത്യയിലെ വിവിധ മിഷൻ സ്റ്റേഷനുകളിൽ പ്രായോഗിക പരിശീലനത്തിനായി അയക്കുന്നതാണ്.

## സിലോൺ പെന്തെക്കോസ്ത് കൺവൻഷൻ

പത്തനംതിട്ട: സിലോൺ പെന്തെക്കോസ്തു മിഷൻ നേതൃത്വത്തിലുള്ള കൺവൻഷനും രോഗശാന്തി ശുശ്രൂഷയും ഫെബ്രുവരി 21–24 വരെ പത്തനംതിട്ട സിലോൺ പെന്തെക്കോസ്തു ഗ്രൗണ്ടിൽ നടക്കും.


# പാസ്റ്റേഴ്സ് കോൺഫ്രൻസും ഗ്രാജുവേഷനും

വേങ്ങൂർ: ട്രൂ ലൈറ്റ് ഫോർ ഏഷ്യാ സഭകളുടേയും ബിബ്ലിക്കൽ സെമിനാരിയുടെയും ആഭിമുഖ്യത്തിൽ പാസ്റ്റേഴ്സ് കോൺഫ്രൻസും ഗ്രാജുവേഷനും വേങ്ങൂർ TFLA സെന്ററിൽ 2013 ഫെബ്രുവരി 27,28 തീയതികളിൽ നടക്കുന്നതാണ്. 27 ബുധൻ രാവിലെ 10.30ന് ആരംഭിക്കുന്ന കോൺഫ്രൻസ് 28ന് ഉച്ചക്ക് 2.00 മണിയോടെ നടക്കുന്ന ഗ്രാജുവേഷനോടുകൂടെ സമാപിക്കും.

ഈ മീറ്റിംഗുകളിൽ TFLA പ്രസിഡന്റ് റവ.ഡോ.ശാമുവൽ കുഞ്ഞുമോനും മറ്റു ദൈവദാസന്മാരും "സഭാ വളർച്ചയിൽ പരിശുദ്ധാത്മാവിന്റെ പങ്ക്" എന്ന വിഷയം ആസ്പദമാക്കി സംസാരിക്കുന്നു.

കോൺഫ്രൻസിലേക്ക് സഭാ ഭേദമെന്യേ ശുശ്രൂഷകന്മാരായ ദൈവദാസന്മാരേയും ബൈബിൾ സ്കൂൾ വിദ്യാർത്ഥികളെയും ശുശ്രൂഷയിലേക്ക് വരുവാൻ വിളിയുള്ള വിശ്വാസികളെയും ക്ഷണിക്കുന്നു.

ആദ്യം ബന്ധപ്പെടുന്ന 400 പേർക്ക് പങ്കുചേരുവാൻ അവസരം. യാത്രാ ചിലവ്, താമസ സൗകര്യം, ഭക്ഷണം, മറ്റു സമ്മാനങ്ങൾ ഇവ ക്രമീകരിക്കുന്നതാണ്. രജിസ്ട്രേഷനായി താഴെ കാണുന്ന ഫോൺ നമ്പരിൽ ഉടൻ ബന്ധപ്പെടുക.

**TRUE LIGHT FOR ASIA**
VENGOOR (PO), AYOOR (via) KOLLAM (Dist), KERALA, INDIA 691 533
Ph: 0474-2492353, 9496364114, 8547442321, 9400495902
Email: truelightforasia@yahoo.com



കഴിഞ്ഞ രണ്ടര പതിറ്റാണ്ടായി ദുബായ് പട്ടണത്തിൽ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന ഉപദേശസത്യങ്ങൾക്ക് വേണ്ടി നിലകൊള്ളുന്ന സഭ

# ഐ.പി.സി. കർമ്മേൽ

**Trinity Church Hall No.B-2**
എല്ലാ വെള്ളിയാഴ്ചയും 11-1.30 PM
പാസ്റ്റർ സി.ഡി.സാം നേതൃത്വം നൽകുന്ന ആത്മീയ ആരാധന



ദുബായിൽ ജോലി ചെയ്യുന്നവർക്ക് ആരാധനക്കും, വിടുതൽ ശുശ്രൂഷകൾ അനുഭവിക്കുന്നതിനും കൗൺസിലിങ്ങിനും അവസരം. എല്ലാ ചൊവ്വാഴ്ചയും രാത്രി 8 മുതൽ 9.45 വരെ ക്രമീകൃതമായ ബൈബിൾ സ്റ്റഡി, ഹാൾ നമ്പർ B4–ൽ, കൂടാതെ സൺഡേ സ്കൂൾ, യുവജനസമ്മേളനം, കോട്ടേജ് മീറ്റിംഗ് എന്നിവയും നടക്കുന്നു.

കൂടുതൽ വിവരങ്ങൾക്കും പ്രാർത്ഥനക്കും ബന്ധപ്പെടുക
**055-678 3845, 043368699**



# SOUTHERN ASIA LEADERSHIP INSTITUTE

## PENIEL CAMPUS, COIMBATORE.

**Invites** applications from Christian young men who have born again experience and calling for God's ministry for the **FULL TIME** Theological Education.

| Courses offered | Duration | Minimum Qualification | Medium of Instruction |
|---|---|---|---|
| Diploma in Theology | 2 YEARS | 10th Pass | English |
| Bachelor of Theology | 3 YEARS | 12th Pass | English |
| Mission Focused Training | 1YEAR | | English |

**Salient features:**

1. Well qualified faculty with academic and ministryexperience.
2. A spacious Eco-friendly campus of 10 Acres aptfor study environment.
3. Adequate library books for learning.
4. Ministry opportunities for the deservingcandidates.
5. Opportunities to grow in various areas of Christianministry.

**COURSE COMMENCES ON May 2013**

If you are interested please contact immediately to the following address.

The Director,
SOUTHERN ASIA LEADERSHIP INSTITUTE, (PENIEL CAMPUS)
Veerappanoor, Pichanoor (P.O), Coimbatore – 105, Tamilnadu.
E-mail: salipenielcampus@gmail.com. Mob; +918098533224
Tel.0422 2656278, 0422 2656279.




Every good gift and every perfect gift is from above, coming down from the Father of lights

Since : 1988
GRACE Visual media
make your dream reality
Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc....,Advertising, Fashion Photography, Cinimatography, Video Album Direction & Event plus...Tension free events...
HIGH DEFINITION PHOTOGRAPHY & VIDEO GRAPHY
Direction: HEBORN DAVID (sabu)
Grace Visual Media Shoranur, palakkad Dt., Kerala, S- India
09447255475, 09447370979
www.gracevisualmedia.com, E-mail: gracevisual@gmail.com

**മക്കളുടെ വിവാഹത്തിന് ഒരു ടെലിഫോൺ കോളും 500 രൂപയും**

ഹാലേലൂയ്യായിൽ വിവാഹ പരസ്യം പ്രസിദ്ധീകരിക്കുവാൻ താത്പര്യപ്പെടുന്നവർക്ക് ടെലിഫോൺ വഴിയും പരസ്യങ്ങൾ നൽകാവുന്നതാണ്.

**93495 00155, 0469-3290355**

ഹൈന്ദവ പശ്ചാത്തലത്തിൽ നിന്ന് വിശ്വാസത്തിൽ വന്ന പെന്തെക്കോസ്ത് യുവാവ് 29, 5'4, M.Th, Bible School അദ്ധ്യാപകൻ. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**ഫോൺ: 9744890132**

സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവാവ് 25, 5'8, B.Sc.Nurse + MSW, രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട് വിശ്വാസത്തിൽ വന്ന യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. യൂറോപ്പ്/യു.എസിലുള്ളവർക്ക് മുൻഗണന.
**9847585537, 8714530188**

സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവാവ് 33 172cm. ഒരു മാസത്തിന് ശേഷം കോടതി മുഖേന വേർപിരിഞ്ഞത്. മുംബെയിൽ ബി.പി.ഒ യിൽ ജോലി ചെയ്യുന്നു. ആത്മീയരായ യുവതികളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
**08446819703, 9562374535**

ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി 27, 155cm, BSc Nurse. Saudi MOH ൽജോലി ചെയ്യുന്നു. Professionally Qualified ആയിട്ടുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (വിദേശത്ത് ജോലിയുള്ളവർക്ക് മുൻഗണന)
**9562408316, 9645140275**
**tomsonalunkal@gmail.com**

പെന്തെക്കോസ്ത് പുരുഷൻ 53, ഭാര്യ മരിച്ചു. ബാധ്യതകളില്ലാത്ത അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**9961931576, 9446712090**

സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവാവ് 27, 6, GNM ഡൽഹിയിൽ ജോലി ചെയ്യുന്നു. തത്തുല്യ യോഗ്യതയുള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**9744294370, 9747000499**

സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി 24, 5'2, B.Tech ഇപ്പോൾ എറണാകുളത്ത് ഒരു കമ്പനിയിൽ വർക്ക് ചെയ്യുന്നു. അനുയോജ്യരും ആത്മീയരുമായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു (തത്തുല്യ യോഗ്യതയുള്ളവർക്ക് മുൻഗണന)
**9947406806, 0485-2893560**

ഓർത്തഡോക്സ് ബാക്ക് ഗ്രൗണ്ടിൽ നിന്നും വിശ്വാസത്തിലേക്ക് വന്ന മാതാപിതാക്കളുടെ മകൾ 25, 5'5, MSc നേഴ്സിംഗിന് പഠിച്ചു കൊണ്ടിരിക്കുന്നു. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**09443109292, 09626720599**

പെന്തക്കോസ്ത് യുവതി 25 5'7 B.com + Computer മദ്ധ്യപ്രദേശിലെ റായിപ്പൂരിൽ ജോലി ചെയ്യുന്നു. വിദ്യാഭ്യാസ യോഗ്യതയുള്ളതും വിദേശത്തോ സ്വദേശത്തോ ജോലിയുള്ളതുമായ പെന്തെക്കോസ്തു യുവാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.
**Ph:04868 274283, 09575271717**

**പുനർവിവാഹം:** സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് വിശ്വാസി 51. ആദ്യ ഭാര്യ മരിച്ചു പോയി. സാമ്പത്തികമുണ്ട്. ബാധ്യതകളില്ലാത്ത ആത്മീയരായ പെന്തെക്കോസ്ത് വിശ്വാസികളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. **9447594531**

Proposals are invited for a pentecostal girl 24, B Sc Nurse(Kerala University Distinction) daughter of an Evangelist, Gazetted Officer. She was God fearing, brought up Christian values and Spiritual atmosphere. Active in Church and Sunday School teaching. Now working as a staff Nurse in a reputed Hospital in Kerala. Looking for a spiritual, God fearing and educated pentecostal young man.
**Joseph Edakkattil 9400079490**
**agapemissionjoseph@gmail.com**
**P.M. Alexander 001 214 417 4834**
**pmalexagape@hotmail.com**

ഹിന്ദു ഈഴവ ബാക്ക്ഗ്രൗണ്ടിൽ നിന്നും വിശ്വാസത്തിലേക്ക് വന്ന യുവാവ്, 27, 177cm, സുമുഖൻ, ഗ്രാജുവേറ്റ്, കാർ ഷോറൂം എക്സിക്യൂട്ടീവ് ആയി ജോലി ചെയ്യുന്നു. BSc Nurse മാരായ ജോലിയും സൗന്ദര്യവുമുള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (വിദേശത്ത് ജോലിയുള്ളവർക്ക് മുൻഗണന)
**9656524763, 9633727832**
**pramodkumar4u@gmail.com**

# ക്രൈസ്റ്റ് അംബാസിഡേഴ്സ് വാർഷിക സമ്മേളനം

പുനലൂർ: എ.ജി.യുവജന വിഭാഗമായ സി.എ.യുടെ വാർഷിക സമ്മേളനം ജനുവരി 19-ന് പുനലൂർ എ.ജി. കൺവൻഷൻ ഗ്രൗണ്ടിൽ നടന്നു. പാസ്റ്റർ ബിനു ജോസഫിന്റെ അദ്ധ്യക്ഷതയിൽ പാസ്റ്റർ ടി.ജെ. സാമുവേൽ ഉദ്ഘാടനം ചെയ്തു. ഫിന്നി രാജൻ എബ്രഹാം മുഖ്യ പ്രഭാഷണം നടത്തി. സെക്രട്ടറി പാസ്റ്റർ റോയിസൺ ജോണി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. പാസ്റ്റേഴ്സ് രാജൻ എബ്രഹാം, എ.ബനാൻസോസ്, ഗീവർഗീസ് തോമസ് തുടങ്ങിയവർ ആശംസ അറിയിച്ചു. പാസ്റ്റേർമാരായ പി.കെ. ജോസ്, സുനിൽദാസ്, ബിജു തങ്കച്ചൻ, സഹോദരന്മാരായ അജേഷ് ബേബി, ഇ.വി.ശ്രീനി തുടങ്ങിയവർ നേതൃത്വം നൽകി.

# ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചു

റൂർക്കല: ഐ.പി.സി പ്രയർ സെന്റർ റൂർക്കലയുടെ ചുമതലയിൽ ഇന്ത്യാ ക്രിസ്ത്യൻ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചു. ജനുവരി 14ന് ഐ.പി.സി പ്രയർ സെന്ററിൽ നടന്ന സമ്മേളനത്തിൽ പാസ്റ്റർ കെ.എം ശാമുവൽ ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ എൻ.കെ വർഗീസ്, കെ.തോമസ്, ബി.ഏബ്രഹാം, മാർക്ക് പാണി എന്നിവർ ആശംസകൾ നേർന്നു. പാസ്റ്റർ ഒ.ജെ മാത്യു നേതൃത്വം നൽകുന്നു.

ഐ.പി.സി ശാലോം ഫെലോഷിപ്പ് ആരാധന പുതിയ സ്ഥലത്തേക്ക്
'യഥാർത്ഥ പെന്തക്കോസ്ത്' അഭിഷേകത്തിന്റെ ആരാധന
'യഥാർത്ഥ പെന്തക്കോസ്ത്' ഉപദേശങ്ങളുടെ വചനശുശ്രൂഷ
'യഥാർത്ഥ പെന്തക്കോസ്ത്' അനുഭവങ്ങളുടെ കൂട്ടായ്മ
IPC SHALOM FELLOWSHIP
real pentecostals
എല്ലാ ഞായറാഴ്ചയും ആരാധന 9 മുതൽ 10.30 വരെ ഇംഗ്ലീഷിലും 10.30 മുതൽ 12 വരെ മലയാളത്തിലും.
ഐ.പി.സി ശാലോം ഫെലോഷിപ്പ് വൈറ്റിലയിൽ എൻ.എച്ച്. ബൈപാസ് ഓവർ ബ്രിഡ്ജിന് താഴെ I Drive പാർക്കിംഗ് സമീപത്ത് നടന്നുകൊണ്ടിരുന്ന ആരാധന വൈറ്റില ജനതാ റോഡിലേക്ക് മാറ്റിയിരിക്കുന്നു.
Ph: 9847748079, 9895591379,
E-mail: shalomvyttila@hotmail.com, Web: www.shalomprayercentre.org

INTERNATIONAL REVIVAL CHURCH, TORONTO
P.O. BOX 30074, 5035 Hurontario St., Mississauga, ON L4W 0B0, CANADA.
WORSHIP PLACE: 4150 Chesswood Dr. North York, ON M3J 2B9
Sunday Worship Service:
Malayalam 9.00 a.m. - 10.15 a.m.
English 11.00 a.m. - 12.30 p.m.
Sunday School 10.15 a.m. - 11.00 a.m
Cottage Meeting: Friday 7.30 p.m. - 9.30 p.m.
Saturday Prayer Meeting: 7.30 p.m. - 9.30 p.m.
Youth Meeting/Ladies meeting:
2nd Saturday 7.30 p.m. - 9.30 p.m.



Pastor John Thomas (647) 833 9744
pastorjt@irctoronto.com Web:www.irctoronto.com
WHEN YOU ARE IN TORONTO, JOIN US FOR INDEPTH STUDY OF THE WORD AND SPIRITFILLED WORSHIP IN A FAMILY ATMOSPHERE.






